# Holy Voice

## Parish Bullettin

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 12 ജൂൺ 2014



**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191


പേജുകളിലൂടെ...


| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| ഇടയശബ്ദം | 5 |
| നുറുങ്ങുവിചാരം | 9 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 11 |
| ജാലകത്തിലൂടെ | 14 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 15 |
| മതബോധനം | 18 |
| എന്തുനല്ലമ്മ...എന്നുടെ അമ്മ | 27 |
| നിങ്ങൾക്കറിയാമോ?, മെഗാ ക്വിസ് മത്സരം | 29 |
| സഭാവാർത്തകൾ | 30 |
| പഠനത്തിന്റെ വഴികൾ | 31 |
| ആരോഗ്യചിന്തകൾ | 32 |
| മത്സരവിജയികൾ | 33 |
| കുടുംബസമ്മേളനങ്ങൾ | 35 |
| ബാല പംക്തി | 36 |
| മനുഷ്യായുസ്സിന്റെ കഥ | 39 |
| ക്വിസ് മത്സരം | 40 |
| കളറിംഗ് മത്സരം | 41 |
| പിന്നിട്ടലോകം | 43 |
| ബൈബിൾ കലണ്ടർ | 44 |



# ഹോളി വോയ്സ്

## ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പാരിഷ് ബുള്ളറ്റിൻ

ജൂൺ 2014

| തിയ്യതി | ഇടവക ഡയറി - ജൂൺ 2014 | സമയം |
|---|---|---|
| 01 | ഉയിർപ്പ് 7-ാം ഞായർ- തിരുഹൃദയ മാസവണക്കം ആരംഭിക്കുന്നു.<br>തിരുനാൾ പൊതുയോഗം<br>മാർസ്ലീവാകുറി- ഡയറക്ടർ ബോർഡ് യോഗം | 8.00 a.m.<br>6.00 p.m. |
| 04 | മാർഗ്ഗ് ജനറൽ ബോഡിയോഗം | 7.30 p.m. |
| 06 | മാസാദ്യ വെള്ളിയാഴ്ച ആചരണം | |
| 08 | പന്തക്കുസ്ത തിരുനാൾ<br>ശ്ലീഹാക്കാലം 1-ാം ഞായർ<br>പുതിയ കൈക്കാരന്മാരുടെ സ്ഥാനം ഏൽക്കൽ<br>പ്രതിനിധി യോഗം<br>മതബോധന ക്ലാസ്സുകൾ ആരംഭം | 8.00 a.m.<br>9.30 a.m. |
| 13 | വെള്ളിയാഴ്ച ആചരണം | |
| 14 | മാതൃസംഘം മീറ്റിംഗ് | 3.00 p.m. |
| 15 | ശ്ലീഹാക്കാലം 2-ാം ഞായർ- പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ<br>ഫ്രാൻസിസ്കൻ അൽമായസമൂഹം മീറ്റിംഗ്<br>മാർസ്ലീവാകുറി- ഡയറക്ടർ ബോർഡ് യോഗം | 8.00 a.m.<br>6.00 p.m. |
| 19 | വിശുദ്ധ കുർബ്ബാനയുടെ തിരുനാൾ | |
| 20 | വെള്ളിയാഴ്ച ആചരണം | |
| 22 | ശ്ലീഹാക്കാലം 3-ാം ഞായർ | |
| 27 | വെള്ളിയാഴ്ച ആചരണം<br>തിരുഹൃദയ തിരുനാൾ<br>രാത്രി 8 മണിക്ക് വീടുകളിൽ തിരുഹൃദയ പ്രതിഷ്ഠ | |
| 29 | ശ്ലീഹാക്കാലം 4-ാം ഞായർ<br>വി. പത്രോസ്- പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ<br>മാർഗ്ഗ് - പുതിയ ജനറൽ ബോഡിയോഗം | 8.00 a.m. |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## വെള്ളിയാഴ്ച ആചരണം : തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

| | |
|---|---|
| 06-06-2014 | ഡോ. പോൾ ചാലിശ്ശേരി |
| 13-06-2014 | അറയ്ക്കൽ പോളി അനൂപ് |
| 20-06-2014 | കഞ്ഞിക്കുളത്തിൽ സാബു ഭാര്യ ഷീല, കോട്ടയം |
| 27-06-2014 | കണ്ണമ്പുഴ ലോനപ്പൻ ജോസ് |

# എഡിറ്റോറിയൽ



വർഷം അതിന്റെ വീര്യം കാണിക്കുന്ന മാസമാണ് ജൂൺമാസം. തെളിഞ്ഞ നീലാകാശത്തിന് പകരം കാർമേഘങ്ങൾ മ്ലാനത പടർത്തുന്ന ഇരുണ്ട അന്തരീക്ഷം. പെയ്തിറങ്ങുന്ന വൃഷ്ടിയിൽ കുളിർത്തു നിൽക്കുന്ന പ്രകൃതി. ആകുലതകളുടേയും അരക്ഷിതത്വത്തിന്റെയും ഭയവിഹ്വലതകളുമായി പക്ഷിമൃഗാദികൾ. ഈ ഭാവപകർച്ച നമ്മിലേക്കും വന്നുചേരാറുണ്ട്. പ്രകൃതി അങ്ങനെയാണ്. അത് വസന്തത്തേയും ഗ്രീഷ്മത്തേയും വിടചൊല്ലി വർഷത്തേയും വേനലിനേയും സ്വീകരിക്കുന്നു. മുന്നോട്ടുള്ള പ്രയാണത്തിൽ വീണ്ടും പൂക്കാലത്തിലേയ്ക്കുള്ള തിരിച്ചുവരവ്. എന്നും തുടരുന്ന ഈ ചാക്രികത പ്രകൃതി നിയമമാണെങ്കിൽ നമ്മൾ മനുഷ്യർക്കും അതിൽനിന്നും മാറിനിൽക്കാനാകുമോ? തീർച്ചയായും ഇല്ല. നമ്മുടെ ജീവിതങ്ങളിലും ഋതുമാറ്റങ്ങൾ സംഭവിക്കുന്നു. ആ അനിവാര്യത ഒഴിവാക്കാൻ നമുക്ക് കഴിയില്ല. പകരം തമ്പുരാൻ അറിഞ്ഞു നൽകുന്ന ജീവിതാവസ്ഥകളോട് നന്ദിയുള്ളവരാകാൻ നമുക്കു കഴിഞ്ഞാൽപിന്നെ ആർക്കാണ് ജീവിതത്തിൽ നമ്മെ പരാജയപ്പെടുത്താൻ കഴിയുക? ഏറെ സ്നേഹിച്ചവരും വിശ്വസിച്ചവരും നമ്മുടെ ഹൃദയം തകരുംവിധം നമ്മോട് പെരുമാറാറുണ്ട്. അപ്പോഴെല്ലാം നിരാശയുടെ പടുകുഴിയിൽ വീണുപോകാതെ സഹനത്തിന്റെ ഔന്നത്യത്തിലേക്ക് ഉയരുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. തന്റെ ജീവനേക്കാളേറെ നമ്മെ സ്നേഹിക്കുകയും നന്മകൾ മാത്രം പ്രവർത്തിക്കുകയും ചെയ്ത കരുണാമയനായ യേശുദേവനെ ഒറ്റികൊടുത്തവരാണ് നാം. അന്ന് ആ ഹൃദയം എത്രമാത്രം വേദനിച്ചിരിക്കും. എന്നിട്ടും നമ്മുടെ കാവലാളായി ഇന്നും നിലകൊള്ളുന്നത് ആ തിരുഹൃദയമാണ്. സ്നേഹത്തിന്റെ ഉദാത്ത മാതൃകയായി അവിടെ നിന്നും ഒഴുകുന്ന തിരുരക്തം നമ്മുടെ പാപങ്ങളെ കഴുകികളയുന്നു. വിശുദ്ധിയിലേക്കും ദൈവപിതാവിന്റെ സന്നിധിയിലേക്കും നമ്മെ നയിക്കുന്നു. നമ്മുടെ വീടുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന തിരുഹൃദയത്തണലിൽ നമ്മുടെ കുടുംബം ഒന്നായി നിൽക്കുമ്പോഴാണ് നാം ദൈവസ്നേഹത്തിന് അർഹരാകുന്നതും ദൈവമഹിമയിലേക്ക് ഉയർത്തപ്പെടുന്നതും. തിരുഹൃദയത്തിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ ജീവിതത്തിലെ നൈരാശ്യങ്ങൾ വെടിഞ്ഞ് ദൈവസ്നേഹത്തിൽ അഭയം കണ്ടെത്തുവാൻ നമുക്കു കഴിയണം. അപ്പോഴാണു ജീവിതത്തിൽ നാം വിജയശ്രീലാളിതരാവുക. അല്ലെങ്കിലോ പരാജയമായിരിക്കും ഫലം. കുരിശുമുത്തപ്പന്റെ മക്കളായ നാം ഒരിക്കലും പരാജയപ്പെടാതിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)




യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

ജൂൺമാസം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമാണ്. അവിടുത്തെ സ്നേഹാർദ്രഹൃദയത്തിന്റെ ചൈതന്യം സ്വീകരിക്കുവാനുള്ള ദിവസങ്ങൾ. ഒപ്പം ജൂൺമാസം 8-ാം തിയ്യതി പന്തക്കുസ്ത തിരുനാളും 15-ാം തിയ്യതി പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളും നമ്മെ കൂടുതൽ ആത്മാഭിഷേകത്തിലേക്കു നയിക്കുന്നു. യേശുവിന്റെ സ്നേഹത്തിന്റെ ഏറ്റവും മഹത്തായ ദാനമായിരുന്നുവല്ലോ കാൽവരിയിലെ കുരിശുമരണവും, കുന്തത്താൽ കുത്തിതുറക്കപ്പെട്ട അവിടുത്തെ ഹൃദയവും. മനുഷ്യമക്കളോടുള്ള അതീവസ്നേഹം ഒന്നു മാത്രമായിരുന്നു ഇപ്രകാരമുള്ള ഒരു ദാരുണ മരണത്തിലേക്ക് അവിടുത്തെ നയിച്ചത്. അതുവഴി ലോകം നന്മയുടെ അനുഭവത്തിലേക്ക് എത്തിച്ചേർന്നു. യേശു നമുക്കുവേണ്ടി ഇപ്രകാരം കുരിശിൽ മരിക്കുകയും ഹൃദയരക്തം ഒഴുക്കുകയും ചെയ്തുവെങ്കിൽ, രക്ഷിക്കപ്പെട്ട സമൂഹം എന്ന നിലയിൽ നാമും അതേ ചൈതന്യം സ്വീകരിച്ച് യേശുവിന്റെ സ്നേഹത്തിൽ നിലനിൽക്കുവാനും, സഹോദരങ്ങൾക്കുവേണ്ടി സ്വജീവൻ സമർപ്പിച്ച് നന്മയുടെ സാക്ഷികളാകുവാനും തയ്യാറാകണം. തിരുഹൃദയഭക്തിയിലൂടെ നമ്മൾ വളരുമ്പോൾ അവിടുത്തെ ആ വലിയ സ്നേഹത്തിന്റെ ആഴം മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും ജീവിക്കുവാനും നമുക്കു സാധിക്കും. ഈ മഹത്തായ ചൈതന്യം ഉൾക്കൊണ്ട് പ്രാവർത്തികമാക്കുവാൻ തയ്യാറായതിന്റെ ഉദ്ഘാടന ദിവസമാണല്ലോ ആദ്യത്തെ പന്തക്കുസ്ത. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ശക്തരായ അപ്പസ്തോലന്മാർ ധീരരായി അവിടുത്തെ പ്രഘോഷിക്കുവാനും യേശുവിന് സാക്ഷ്യം വഹിക്കുവാനും ക്രിസ്തുവിശ്വാസം സംരക്ഷിക്കുവാനും സഹോദരങ്ങൾക്കുവേണ്ടി ജീവത്യാഗം

ചെയ്യുവാനും സമർപ്പണം ചെയ്യപ്പെട്ടിരുന്നു. നമുക്കും പരിശുദ്ധാത്മാവിന്റെ അഭിഷേകം നിറഞ്ഞ് അവിടുത്തെ വരദാനങ്ങൾ സ്വീകരിച്ച് ത്രിത്വൈകദൈവത്തിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് യഥാർത്ഥ ക്രിസ്തു ശിഷ്യരാകാൻ തയ്യാറാകാം. അതുവഴി സഹോദര സ്നേഹത്തിൽ വളർന്ന് സമൂഹത്തിന് മാതൃകയാകാം.

മധ്യവേനൽ അവധി കഴിഞ്ഞ് നമ്മുടെ മക്കൾ വിദ്യാലയങ്ങളിലേക്ക് വീണ്ടും യാത്രയാവുകയാണ്. പ്രായത്തിൽ വളരുന്നതോടൊപ്പം വിദ്യാഭ്യാസത്തിലും വളരണം. എങ്കിലേ നന്മയ്ക്ക് സാക്ഷ്യം വഹിക്കാനാകൂ. വിജ്ഞാനസമ്പാദനത്തിനായി ഏതു ത്യാഗവും ഏറ്റെടുക്കുവാൻ ഇന്നത്തെ കുട്ടികളും മാതാപിതാക്കളും തയ്യാറാണ്. വെറും വിജ്ഞാന സമ്പാദനം മാത്രമാകരുത് നമ്മുടെ മക്കൾ ലക്ഷ്യം വയ്ക്കേണ്ടത്. ഉത്തരവാദിത്വപൂർണ്ണവും സംസ്കാര സമ്പന്നവും ആയ ജീവിതത്തിലേയ്ക്കായിരിക്കണം അവർ വളരേണ്ടത്. അതിന് നമ്മുടെ മക്കളെ നന്നായി സഹായിക്കുന്നതിനുവേണ്ടിയാണ് കുട്ടികളുടെ വിശ്വാസ പരിശീലനം. അതിസമർത്ഥനും സമ്പന്നനുമായ സോളമൻ രാജാവ് ദൈവത്തോട് ആവശ്യപ്പെട്ടത് “എനിക്കു ജ്ഞാനം തരൂ” എന്നു മാത്രമാണ്. ദൈവിക ജ്ഞാനമുണ്ടെങ്കിലേ എല്ലാം ശരിയായ രീതിയിൽ വിവേചിച്ചറിയുവാനും തീരുമാനം എടുക്കുവാനും നന്മയിൽ വളരുവാനും സാധിക്കൂ. ഈ ബോധ്യം ഉൾക്കൊണ്ട് ഈ അധ്യയനവർഷം വിജയപ്രദമാക്കാൻ വിശ്വാസപരിശീലന ക്ലാസ്സുകളിൽ സന്തോഷത്തോടെ പങ്കുചേരാം. കുട്ടികളുടെ വിശ്വാസപരിശീലന കാര്യത്തിൽ അവരോടൊപ്പം മാതാപിതാക്കളും ആത്മാർത്ഥമായി സഹകരിച്ചാൽ മാത്രമേ യഥാർത്ഥ ഫലം പുറപ്പെടുവിക്കാനാകൂ എന്ന കാര്യം മറക്കരുത്. ജൂൺ 2-ാം തിയ്യതി മുതൽ ആരംഭിക്കുന്ന അധ്യയനവർഷവും ജൂൺ 8-ാം തിയ്യതി മുതൽ ആരംഭിക്കുന്ന വിശ്വാസപരിശീലന ക്ലാസ്സുകളും നമ്മുടെ മക്കളുടെ വിശ്വാസ വളർച്ചയ്ക്കും വ്യക്തിത്വ വികാസത്തിനും വിജ്ഞാന സമ്പാദനത്തിനും സഹായിക്കട്ടെ. വിദ്യാർത്ഥികൾക്ക് എല്ലാ നന്മകളും പ്രാർത്ഥനയും വിജയവും നേരുന്നു.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ,യേശുവിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് മാളിയേക്കൽ,** വികാരി & റെക്ടർ

നുറുങ്ങുവിചാരം



# വിദ്യാഭ്യാസമെന്നാൽ...

പ്രിയ കൂട്ടുകാരെ,

പുതിയൊരു അധ്യയനവർഷം ആരംഭിക്കുകയായി. അവധിക്കാലത്തിനോട് ബൈ ബൈ പറഞ്ഞ് പഠനത്തിലേക്ക് പ്രവേശിക്കാം. ആദ്യമായി ആദ്യാക്ഷരം കുറിച്ചുകൊണ്ട് സ്കൂളുകളിലേക്ക് പോകുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ദൈവാനുഗ്രഹം നേരുന്നു.

മനുഷ്യനെ മനുഷ്യനാക്കുന്ന പ്രക്രിയയാണല്ലോ വിദ്യാഭ്യാസം. വിദ്യാലയങ്ങളിൽ നിന്ന് നേടുന്ന അറിവ് ജീവിതവുമായി ബന്ധപ്പെടുത്തണം. എങ്കിലേ വിദ്യാഭ്യാസം അതിന്റെ പൂർണ്ണതയിലെത്തുകയുള്ളൂ.

ഗുരുകുലത്തിൽ നിന്ന് മൂന്നു വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി വീട്ടിലേക്കു പോകുകയാണ്. പോകുന്ന വഴിയിൽ കുറേ മുള്ളുകൾ കിടക്കുന്നത് അവർ കണ്ടു. ഒരാൾ മുള്ളുകൾ ചാടി കടന്നു. രണ്ടാമത്തവൻ മറ്റൊരു വഴിയ്ക്ക് നടന്ന് അപ്പുറം എത്തി. മൂന്നാമത്തവൻ തന്റെ ഭാണ്ഡം താഴെ വെച്ച് വഴിയിലെ മുള്ളുകൾ പെറുക്കിയെടുത്ത് ദൂരെകളഞ്ഞു. ഇതാണ് യഥാർത്ഥ വിദ്യാഭ്യാസം. ജീവിതയാത്രയിലെ മുള്ളുകൾ എടുത്തു മാറ്റുവാൻ കഴിവുള്ളവരാണ് യഥാർത്ഥത്തിൽ വിദ്യാഭ്യാസം ഉള്ളവർ. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും ഇതുതന്നെ. ഈയൊരു ബോധത്തോടെ പുതിയ അധ്യയനവർഷത്തിലേക്ക് പ്രവേശിക്കാം.

ഈ പുതിയ അധ്യയനവർഷത്തിൽ നാല് നല്ല കാര്യങ്ങൾ അഭ്യസിക്കാം. ഒന്നാമതായി സ്കൂളിൽ പോകുന്നതിനുമുമ്പ് ഭവനത്തിലെ ഈശോയുടെ രൂപത്തിന്റെ മുമ്പിൽനിന്ന് പ്രാർത്ഥിച്ച് ഒരു ദൈവവചനമെങ്കിലും വായിക്കുക. രണ്ടാമതായി ഓരോ ദിവസവും പഠിക്കേണ്ട കാര്യങ്ങൾ അന്നുതന്നെ പഠിക്കുക, നാളേക്ക് മാറ്റിവയ്ക്കാതിരിക്കുക. മൂന്നാമതായി പരിശുദ്ധാത്മാവിനോട് പ്രാർത്ഥിച്ച് പഠിക്കാനാരംഭിക്കുക. നാലാമതായി നമുക്കറിയാവുന്ന കാര്യങ്ങൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുക.

എല്ലാവർക്കും ഫലദായകമായ ഒരധ്യയനവർഷം ആശംസിക്കുന്നു.

സ്നേഹപൂർവ്വം, **ഫാ. ജിന്റോ ചിറയത്ത് CMI, കൊച്ചച്ചൻ**

---

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ

**എൽ.പി.വിഭാഗം**

**സാൻവിയോ സെബി കെ.**

കളപറമ്പത്ത് വീട്,
സെന്റ് അൽഫോൻസ യൂണിറ്റ്,
മതബോധനം IB





**യു.പി.വിഭാഗം**

**മേഘ ആന്റോ**

മാപ്രാണത്തുകാരൻ വീട്,
സെന്റ് ജോസഫ് യൂണിറ്റ്
മതബോധനം VII



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



യേശു അവരോടു പറഞ്ഞു. "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം".
(മത്താ. 4:19)

ഫാ. ജോൺസൺ തളിയത്ത് സി.എം.ഐ.
മഡഗാസ്കർ

## (കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

ഞാൻ താമസിക്കുന്ന ഗ്രാമത്തിൽ നിന്നും 18 കി.മീ. വടക്കായി കളളന്മാരുടെ ഒരു ഗ്രാമമുണ്ട്. കാളകളെ കട്ടു കട്ട് കുപ്രസിദ്ധിയാർജ്ജിച്ചവരാണ് അവിടെ പലരും. പലപ്പോഴും അർദ്ധ സൈനികരായ ലോക്കൽ പോലീസുകാർ കള്ളന്മാരെ പിടിച്ചതിനുശേഷം അവരുടെ വെട്ടിമാറ്റിയ കൈകൾ (ശരീരം ചുമന്നുകൊണ്ടുവരാൻ എളുപ്പമല്ലാത്തതിനാൽ കൈമാത്രം വെട്ടി മുറിച്ചുകൊണ്ടുവരും) ഞങ്ങളുടെ ഗ്രാമത്തിൽ തൂക്കിയിട്ടു പ്രദർശിപ്പിക്കാറുണ്ട്. കള്ളന്മാരുടെ ഈ ഗ്രാമത്തെ സുവിശേഷവത്ക്കരിക്കാനുള്ള ആഗ്രഹം മൂത്ത് മൂന്നുതവണ അവിടെ പോയിരുന്നു. ഒരിക്കൽ ഞങ്ങളും ഞങ്ങളുടെ പള്ളിയിലെ തീക്ഷ്ണമതികളായ ഏതാനുംപേരും ചേർന്ന് ഉച്ചക്കുവേണ്ട ഭക്ഷണ സാധനങ്ങളുമായി രാവിലെ കാൽനടയായി പുറപ്പെട്ടു. ഏകദേശം മൂന്നുമണിക്കൂർ തുടർച്ചയായി നടന്നാൽ അവരുടെ ഗ്രാമത്തിലെത്താം. മുൻകൂട്ടി ഞങ്ങളുടെ ആഗമനം അവിടെ അറിയിച്ചിരുന്നു. ഞങ്ങളുടെ അത്ഭുതത്തിനു കാരണമായ സ്ഥലംമൂപ്പൻ എല്ലാ മുതിർന്ന പുരുഷന്മാരുടേയും മീറ്റിംഗ് വിളിച്ചുകൂട്ടി ഞങ്ങളെ കാത്തിരിക്കുകയായിരുന്നു. അന്ന് ഉച്ചക്കു തന്നെ രണ്ടു വീടുകളിൽ നിന്നും മാറി മാറി ഭക്ഷണം കഴിക്കേണ്ടി വന്നു. ഞങ്ങൾ കൊണ്ടുവന്ന ഭക്ഷണസാധനങ്ങൾ വെറും ഭാരമായി തീർന്നു. തീർന്നില്ല, അടുത്ത തവണ ആ ഗ്രാമത്തിലേക്കു ഒരു 12 അംഗ സംഘമായാണ് ഞങ്ങൾ പോയത്. പതിവുപോലെ ഭക്ഷണസാധനങ്ങൾ എടുത്തപ്പോൾ ഞങ്ങളുടെ കപ്യാരു പറഞ്ഞു. "കഴിഞ്ഞ തവണ ഭക്ഷണം കഴിച്ചു മടുത്തു. ഇത്തവണയും അങ്ങിനെത്തന്നെയാകും. നമുക്കും വെറും കയ്യോടെ പോകാം". എടുത്തതെല്ലാം തിരിച്ചുവച്ച് ഞങ്ങൾ യാത്രയായി. ഇത്തവണയും ഞങ്ങൾ അത്ഭുതപ്പെട്ടു . കാരണം ആരും ഞങ്ങളെ സ്വീകരിക്കാനില്ല. മൂപ്പൻ വേറെ കാര്യങ്ങളിൽ ഏർപ്പെട്ട് മറ്റൊരു ഗ്രാമത്തിലാണ്. ജനങ്ങളെ വിളിച്ചു കൂട്ടാൻ പറ്റില്ല. ഓരോരുത്തരും താന്താങ്ങളുടെ പണി സ്ഥലത്താണ്. അന്ന് ഇളിഭ്യരായി ഭക്ഷണമില്ലാതെ 18 കിലോമീറ്റർ തിരിച്ചു നടന്നു. നോക്കണേ, ഒരു തട്ടുകടപ്പോലുമില്ലാത്ത വിജനതയിലൂടെ....

മഡഗാസ്കറിലെ ഗ്രാമങ്ങളിൽ സുവിശേഷവത്ക്കരണം വളരെ

എളുപ്പമാണ്. വളരെ ലളിതരായ ജനങ്ങൾ. കൊള്ളസംഘത്തിൽപ്പെട്ട വർപോലും ഒരു തരത്തിൽ പറഞ്ഞാൽ വളരെ സാധാരണക്കാരായവർ. ചുരുങ്ങിയ സന്ദർശനങ്ങൾക്കൊണ്ട് ഈ ഗ്രാമക്കാരും കുട്ടികളുമായി നമുക്കു ചങ്ങാത്തം സ്ഥാപിക്കാം. വിശ്വാസം ആഴപ്പെടുത്താൻ പെട്ടെന്നു സാധിച്ചില്ലെങ്കിലും എല്ലാ വിധത്തിലും അവർ നമ്മോടു സഹകരിക്കും. മഡഗാസ്കറിൽ ചെന്നു മൂന്നു വർഷം കഴിഞ്ഞപ്പോൾ എന്നെ തനിയേ ഒരു പള്ളിയേൽപ്പിച്ചു. "കുട്ടിപള്ളികളില്ലാത്ത ഒരൊറ്റയാൻ പള്ളി". ചുറ്റുമുള്ള ഗ്രാമങ്ങളിൽ സുവിശേഷവത്ക്കരണം നടത്തി കുട്ടിപള്ളികൾ സ്ഥാപിക്കാൻ സ്ഥലത്തെ ഭക്തരായ അൽമായർ എന്റെ സഹായത്തിനെത്തി. താമസിയാതെ 5 കി.മീ. അകലെയുള്ള ഒരു ഗ്രാമത്തിൽ ഞങ്ങളുടെ ആദ്യത്തെ കുരിശുപള്ളിയും പള്ളിക്കൂടവും സ്ഥാപിതമായി. കൊച്ചുഗ്രാമമായിട്ടുപോലും 108 കുട്ടികളുമായാണ് സ്കൂൾ തുടങ്ങിയത്. കാരണവന്മാർക്ക് പ്രാർത്ഥിക്കാൻ മടിയാണെങ്കിലും കുട്ടികളെ പ്രാർത്ഥിക്കാനും പഠിക്കാനും അവർ സന്തോഷത്തോടെ അനുവദിക്കും, പ്രേരിപ്പിക്കും. ഇന്നും ഇക്കാര്യത്തിൽ ഒരു മാറ്റവുമില്ല.

FILANJARA എന്ന ഈ ഗ്രാമത്തിലെ ആദ്ധ്യാത്മിക കാര്യങ്ങൾ നോക്കുവാൻ എനിക്കൊരു ചെറുപ്പക്കാരനെ കിട്ടി. Solofo എന്നാണ് പേര്. 500 കി.മീ. അകലെ നിന്നും ഭാര്യയുമായി ഞങ്ങളുടെ ഗ്രാമത്തിൽ ജോലി തേടിയെത്തിയവൻ. പണ്ടേ കത്തോലിക്കനായിരുന്ന സുലുഫു (Solofo) ഞായറാഴ്ച പള്ളിയിൽ വരുവാൻ സാധിക്കാതെയായപ്പോൾ കിട്ടിയ ജോലി ഉപേക്ഷിച്ചു. ഞങ്ങളുടെയടുത്ത് സഹായത്തിനു വന്നപ്പോൾ പള്ളിസ്കൂളിലെ ഒഴിഞ്ഞൊരു മുറി അവനും ഭാര്യയ്ക്കും താമസിക്കാനായി നൽകി. പകരം FILANJARA ഗ്രാമത്തിലെ പള്ളിയുടെ ഉത്തരവാദിത്വം അവനേറ്റെടുത്തു. കൂദാശ കഴിയാതിരുന്ന അവരുടെ വിവാഹവും ഞങ്ങൾ നടത്തി. ഇനിയാണ് മറക്കാനാകാത്ത ആ സംഭവം.

ഇതിനിടയിൽത്തന്നെയാണ് തള്ളപള്ളി വലുതാക്കി പണിയാൻ തീരുമാനിച്ചത്. ആഘോഷാവസരങ്ങളിലെല്ലാം ഞങ്ങൾ മുറ്റത്തായിരുന്നു ദിവ്യബലിയർപ്പിച്ചിരുന്നത്. കാരണം 1957 - ൽ പണിത ഞങ്ങളുടെ ദേവാലയം അത്ര വലുതായിരുന്നില്ല. അൽപം സാമ്പത്തിക സഹായം ലഭിച്ചപ്പോൾ ജനങ്ങളെ വിളിച്ചുകൂട്ടി ദേവാലയം നീട്ടി പണിയാൻ തീരുമാനിച്ചു. മൂന്നു പണിക്കാരെ മാത്രം കൂലിക്കെടുക്കും. ബാക്കി പണിയെല്ലാം ഇടവകക്കാർ സൗജന്യമായി ചെയ്യാമെന്നേറ്റു. ഒരു വർഷം മുടക്കമില്ലാതെ ഇടവക ജനങ്ങൾ അധ്വാനിച്ചു. കല്ലും മണ്ണും മണലും വെള്ളവും മരങ്ങളും എല്ലാം ജനങ്ങൾ തന്നെ സംഘടിപ്പിച്ചു. വില കൊടുത്തത് സിമന്റിനും കമ്പിക്കും കൂലിക്കാർക്കും മാത്രം. അതിന്റെ സ്മാരകമാണ് "അങ്കിലിസാത്തു"വിലെ പുതിയ പള്ളി.

ഈ പണിക്കിടയിൽ ഒരു ദിവസം ഞങ്ങൾ 4 കി.മീ. അകലെയുള്ള

പുഴയോരത്തുനിന്നും മണലെടുക്കുകയായിരുന്നു. Solofo (സുളുഫു) അടക്കം 4 പേർ അന്നു പകലന്തിയോളം ശ്രമദാനത്തിനുണ്ട്. അവസാനത്തെ ലോഡും വണ്ടിയിൽ കയറ്റിയതിനു ശേഷം അവർ പുഴയിൽ കുളിക്കാനിറങ്ങി. സുഖമില്ലാത്തതിനാൽ കുളിക്കാതെ മാറിനിന്ന സുളുഫും അവസാനം കുളിക്കാനിറങ്ങി. ഞാൻ വണ്ടിയിൽ കാത്തു നിന്നു. പെട്ടെന്ന് നാലുപേരിലൊരാൾ ഓടിവന്ന് എന്നോട്, സുളുഫിനെ കാണാനില്ല എന്നു പറഞ്ഞു. ''പുഴയിൽ തന്നെയാണ് കാണാതായത്''. അവർ ഉറപ്പിച്ചു പറഞ്ഞു. അൽപം കൂടി നീങ്ങിയാൽ വെള്ളച്ചാട്ടമാണ്. നീന്തലറിയാമെങ്കിലും എല്ലാവർക്കും ഇറങ്ങാൻ പേടി. കൂടുതൽപേരെ വിളിക്കാൻ ഞാൻ വേഗത്തിൽ തിരിച്ചു, സുളുഫുവിനു യാതൊന്നും സംഭവിക്കല്ലെ എന്നു മുട്ടിപ്പായി പ്രാർത്ഥിച്ചുകൊണ്ട്. വേഗം മണലിറക്കി സഹായത്തിനാൾക്കാരുമായി ഞാൻ തിരിച്ചെത്തി. ഇരുട്ടായി തുടങ്ങിയിരുന്നു. ഞങ്ങൾ വരുമ്പോൾ സുളുഫുവിന്റെ തണുത്തുറഞ്ഞ ശരീരം അടുത്തുള്ള പാറപ്പുറത്തു കിടക്കുന്നതാണ് കണ്ടത്. വെള്ളത്തിൽ പരിചയമുണ്ടായിരുന്ന ഒരാളാണ് ഞങ്ങൾക്കുമുമ്പേ വന്ന് സുളുഫുവിനെ പുറത്തെടുത്തത്.

കുട്ടികളില്ലാത്ത സുളുഫുവും ഭാര്യയും പള്ളി സ്കൂളിലാണല്ലോ താമസം. ഇവരുടെ രീതിയിൽ ആരെങ്കിലും മരിക്കുമ്പോൾ പിന്നെ പാട്ടും ഭക്ഷണവുമായി രാത്രികൾ ചിലവഴിക്കും. സുളുഫുവിനിപ്പോൾ ഒന്നുമില്ല. ഞങ്ങൾ പുതിയ പള്ളിയിൽത്തന്നെ സുളുഫുവിനെ കിടത്തി. എല്ലാവർക്കും ഭക്ഷണം കൊടുത്തു. രാത്രി മുഴുവൻ പ്രാർത്ഥനയും പാട്ടുമായി ക്രിസ്ത്യാനികൾ പള്ളിയിലിരുന്നു. പിറ്റേ ദിവസം മൃതശരീരം 500 കി.മീ. അകലെയുള്ള അവന്റെ വീട്ടിൽ എത്തിക്കാനുള്ള കാര്യങ്ങൾ ചെയ്തു തുടങ്ങി. പോലീസിൽ നിന്നും ഡോക്ടറുടെ കൈയിൽ നിന്നും ആവശ്യമായ രേഖകൾ ശരിയായി കിട്ടിയപ്പോഴേക്കും ഉച്ചയായി. പള്ളി പ്രസിഡണ്ടും കപ്യാരും Solofo ന്റെ ഭാര്യയും വേറൊരു സ്ത്രീയുമൊത്ത് അന്നുച്ചയ്ക്ക് അങ്കിലിസാത്തു വിട്ട ഞങ്ങൾ രാത്രി 8 മണി ആയപ്പോഴേക്കും 400 കി.മീ. അകലെയുള്ള മലയാളി കന്യാസ്ത്രീമാരുടെ (S D Sisters) കോൺവെന്റിലെത്തി. മൃതശരീരം വണ്ടിയിൽ തന്നെ വച്ചിട്ട് ഞങ്ങളുറങ്ങാൻ കിടന്നു. അടുത്ത ദിവസം വീണ്ടും 100 കി.മീ. യാത്രചെയ്ത് ലക്ഷ്യത്തിലെത്തി. പ്രസിഡണ്ടും കപ്യാരുമെല്ലാം മുൻപേ പോയി വീട്ടിൽ കാര്യമറിയിച്ചു. ഞങ്ങളടുത്തൊരിടത്ത് കാത്തു നിന്നു. എന്നാൽ നല്ല മര്യാദയോടുകൂടിതന്നെ Solofo വിന്റെ വീട്ടുകാർ ഞങ്ങളെ സ്വീകരിച്ചു. മലഗാസികളുടെ ലാളിത്യത്തിന് ഇതിൽ കൂടുതൽ എന്തുവേണം? പാരമ്പര്യരീതിയനുസരിച്ച് മൃതശരീരം അടക്കാൻ കൂടുതൽ സമയം എടുക്കുമെന്നതിനാൽ എന്നെ അന്നുതന്നെ മടങ്ങാൻ അവർ അനുവദിക്കുകയും ചെയ്തു. പള്ളി പ്രസിഡണ്ടും കപ്യാരും അവസാനം വരെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്തു.

(തുടരും...)



# ജാലകത്തിലൂടെ...

**ജെസ്റ്റിൻ ജോസ് എം.**

റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന ചില സർട്ടിഫിക്കറ്റുകളുടെ നടപടിക്രമങ്ങളാണ് ഈ ലക്കത്തിലെ പ്രതിപാദ്യ വിഷയം.

**1. അന്നവാരി സർട്ടിഫിക്കറ്റ് :** വരൾച്ച മൂലം 50%മോ അതിൽ കൂടുതലോ കൃഷി നാശം സംഭവിച്ചിട്ടുള്ള വില്ലേജുകളെ പ്രിൻസിപ്പൽ കൃഷി ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്നവാരി വില്ലേജുകളായി പ്രഖ്യാപിച്ചുകൊണ്ട് ലാന്റ് റവന്യൂ കമ്മീഷണർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാറുണ്ട്. വാണിജ്യ-സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പ, പലിശ എന്നിവയിൻമേൽ ചട്ട പ്രകാരം ഇളവുകൾ ലഭിയ്ക്കുന്നതിന് ഇത്തരം വില്ലേജുകളിലെ കർഷകർക്ക് അർഹതയുണ്ട്. വില്ലേജാഫീസർക്ക് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച അപേക്ഷ നൽകിയാൽ പ്രസ്തുത സർട്ടിഫിക്കറ്റ് കരസ്ഥമാക്കാം.

**2. പുഴയിൽ നിന്നും വെള്ളം പമ്പു ചെയ്യുവാനുള്ള അനുവാദം :** ഇതിനായി 5 രൂപ കോർട്ട് ഫീ സ്റ്റാമ്പൊട്ടിച്ച് വെള്ള കടലാസിൽ തയ്യാറാക്കിയ അപേക്ഷ ജില്ലാ കളക്ടർക്കാണ് സമർപ്പിക്കേണ്ടത്. അപേക്ഷയിൽ എഞ്ചിന്റെ കുതിരശക്തി, പമ്പുവയ്ക്കുന്ന സ്ഥലം, വെള്ളമെടുക്കുന്ന പുഴ, നനയ്ക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ വ്യക്തമായി കാണിച്ചിരിക്കണം. സ്വന്തം സ്ഥലത്ത് പമ്പു വയ്ക്കേണ്ടതും അന്യർക്ക് ഉപദ്രവമില്ലാതെ സ്വന്തം കൃഷിക്ക് ഉപയുക്തമാകത്തക്ക വിധത്തിൽ വെള്ളമെടുക്കേണ്ടതുമാണ്. ജലസേചന വകുപ്പിന്റെയും, റവന്യൂ കീഴുദ്യോഗസ്ഥരുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3 വർഷത്തേയ്ക്കുവരെ ജില്ലാ കളക്ടർ അനുവാദം നൽകുന്നതാണ്.

**3. പൗരത്വ അപേക്ഷ :** ഏഴു വർഷത്തിനിടയിൽ ഒരു വർഷം തുടർച്ചയായി ഇന്ത്യയിൽ താമസിക്കുകയും ഇന്ത്യൻ പൗരനുമായി ബന്ധവുമുള്ള വിദേശ പൗരന് ഇന്ത്യൻ പൗരത്വത്തിനു വേണ്ടി ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത വ്യക്തിക്ക് ഇവിടെ അഭേദ്യമായ ബന്ധം ഉണ്ടായിരിക്കുകയും സ്ഥിരതാമസമാക്കാനുള്ള ദൃഢനിശ്ചയം എടുത്തിരിക്കുകയും വേണം. വിദേശ പൗരത്വമുണ്ടെങ്കിൽ ആയത് റദ്ദു ചെയ്യുകയും സൽസ്വഭാവിയായിരിക്കുകയും വേണം. അപേക്ഷയുടെ മൂന്നു കോപ്പി മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം അപേക്ഷഫീസടച്ച ചലാനോടൊപ്പം വേണം സമർപ്പിക്കാൻ. അന്യ പൗരത്വത്തോടെ ഇന്ത്യയിൽ താമസിക്കുന്നവർ അവരുടെ താമസത്തിനുള്ള കാലാവധി അവസാനിക്കുന്നതിന് 15 ദിവസം മുമ്പ് ഇന്ത്യയിൽ തുടർന്ന് താമസിക്കുവാൻ അനുമതിയ്ക്ക് അപേക്ഷ നൽകണം.

# വിശുദ്ധരുടെ ജീവിതത്തിലൂടെ...



## വി. അന്തോണീസ് (ജൂൺ 13)

സി. ഡെൽസ മരിയ FCC,
മാപ്രാണം



അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത വിശുദ്ധനെന്ന് ഏവരും പാടി പുകഴ്ത്തുന്ന പുണ്യവാനാണ് വി. അന്തോണീസ്. തടസ്സങ്ങളിൽ തളരാതെ, വിജയങ്ങളിൽ മതിമറക്കാതെ വിനയാന്വിതനായി, അവഗണിക്കപ്പെട്ടവരോടും പാവങ്ങളോടും സ്നേഹവും കാരുണ്യവും കാണിച്ച് വാക്കും പ്രവർത്തിയും സുതാര്യമാക്കിയ വിശുദ്ധൻ ലോകമെങ്ങുമുള്ള എല്ലാ ഭക്തജനങ്ങളുടെയും പ്രിയങ്കരനാണ്.

1195 ആഗസ്റ്റ് 15ന് ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിനം പോർട്ടുഗലിലെ ലിസ്ബൻ നഗരത്തിലാണ് അന്തോണീസിന്റെ ജനനം. പിതാവായ മാർട്ടിൻ ദെ ബോയിലോണും മാതാവായ സോണാതെരേസായും ആഭിജാത്യവും മതനിഷ്ഠയും ഉള്ളവരായിരുന്നു. അമ്മിഞ്ഞപ്പാലിനോടൊപ്പം അന്തോണിക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ബാലപാഠങ്ങൾ മാതാവ് ചൊല്ലി കൊടുത്തിരുന്നു. ദൈവമാതാവിനോടുള്ള ഭക്തി ചെറുപ്പം മുതലേ അന്തോണിക്കുണ്ടായിരുന്നു. പരിശുദ്ധ അമ്മയോടുള്ള ഈ ഭക്തി അന്തോണിയുടെ സ്വഭാവ മഹിമയ്ക്ക് കാരണമായിത്തീർന്നു. അന്യാദൃശ്യമായ സൗകുമാര്യവും അനവദ്യമായ സൗമ്യശീലവും അഗാധമായ ബുദ്ധിശക്തിയും ഒത്തിണങ്ങിയ അന്തോണിയുടെ ബാല്യകാലം, ഗ്രീഷ്മത്തിലെ പ്രഭാതം പോലെ അതിമനോഹരവും സൗഭാഗ്യപൂർണ്ണവുമായിരുന്നു.

അക്കാലത്ത് ദൈവാലയങ്ങളോടും സന്യാസാശ്രമങ്ങളോടും ചേർന്നാണ് വിദ്യാലയങ്ങളുണ്ടായിരുന്നത്. അന്തോണി പഠിച്ചത് ലിസ്ബണിലെ കത്തോലിക്ക ദൈവാലയത്തിനോട് ചേർന്നുള്ള സ്കൂളിലായിരുന്നു. അന്നുമുതലാണ് അൾത്താരശുശ്രൂഷകനാകാൻ ഭാഗ്യം ലഭിച്ചത്. അൾത്താരശുശ്രൂഷകരുടെ വേഷം ധരിച്ച് ദൈവാലയകർമത്തിൽ സഹായിക്കുന്നതിൽ

അവൻ ആനന്ദപുളകിതനായി. 'ദൈവാലയ കർമങ്ങളിൽ എന്നും ആയിരുന്നെങ്കിലെന്ന്' ആ കുഞ്ഞു മനസ്സ് മന്ത്രിച്ചിരുന്നു.

ഏറെ കൃഷിസ്ഥലങ്ങൾ സ്വന്തമായുണ്ടായിരുന്ന പിതാവിനെ സഹായിക്കാൻ കൃഷിയിടത്തിലേയ്ക്ക് പോകുന്ന വഴി പിതാവിന്റെ കളിക്കൂട്ടുകാരനും വിൻസന്റ് ആശ്രമശ്രേഷ്ഠനുമായ ഫാ. ജോസഫിനെ കണ്ടുമുട്ടി. മാടമ്പിസ്ഥാനം വേണ്ടെന്നുവച്ച് വൈദികനായി തീർന്ന ഫാ. ജോസഫിനോട് അന്തോണി ചോദിച്ചു. രാജസേവനത്തിനും യുദ്ധം ചെയ്യാനുമല്ലേ മാടമ്പിസ്ഥാനം? പിന്നെങ്ങനെ അങ്ങ് ഒരു വൈദികനായി? അദ്ദേഹം പറഞ്ഞു. "രാജാവിന്റേയും രാജാധിരാജനായ ദൈവം എന്നെ വിളിച്ചു. അങ്ങനെ ഞാനെന്റെ സേവന മേഖല ദൈവത്തിലേയ്ക്ക് മാറ്റി. ഞാനിന്ന് പൂർണ്ണ സംതൃപ്തനാണ്". ഈ വാക്കുകൾ അന്തോണിയെ വല്ലാതെ സ്പർശിച്ചു. അന്നുമുതൽ രാത്രിയിലെ നിശബ്ദത അവന് ഹരം നൽകി. കാരണം അപ്പോഴാണ് ദിവ്യനാഥന്റെ ശബ്ദത്തിന് ദൃഢതയേറുക. കുരിശിനോട് ചെവി ചായ്ച്ച് നിൽക്കുമ്പോൾ അവൻ യേശുനാഥന്റെ രൂപം തൊട്ടറിഞ്ഞു. സ്നേഹത്തിന്റെ സ്പന്ദനവും ചൂടും അവൻ മനസിലാക്കി. ക്രൂശിതന്റെ ഗദ്ഗദങ്ങൾ സ്വന്തം ഹൃദയത്തിലും ശരീരത്തിലും ഏറ്റെടുക്കുവാൻ അവൻ കൊതിച്ചു. വ്രണിതനായ യേശുമുഖം ആർത്തരിലും ആലംബഹീനരിലും രോഗികളിലും മനസു തകർന്നവരിലും അവൻ കണ്ടു. "നീ എന്നെ സ്നേഹിക്കുന്നതിൽ കൂടുതൽ ഞാൻ നിന്നെ സ്നേഹിക്കും". എന്ന് ഈശോ പറയുന്നതുപോലെ തോന്നിയ അവൻ തന്റെ ജീവിതം യേശുവിനു സമർപ്പിച്ചു.

1210 ൽ വിൻസന്റ് ഡി പോൾ ആശ്രമത്തിലെത്തിയ അന്തോണി പെട്ടെന്നുതന്നെ ആ ജീവിതരീതിയുമായി ഇണങ്ങിചേർന്ന് അച്ചനായി ത്തീർന്നു. സന്യാസികളായിരുന്നെങ്കിലും ഏറെ ആഢംബരപൂർവ്വം ജീവിച്ചിരുന്നതിനാൽ ഫാ. അന്തോണിയുടെ മനസിൽ അസ്വസ്ഥതകൾ ഉയർന്നിരുന്നു. അങ്ങനെയിരിക്കെ ഫ്രാൻസിസ്കൻ സഹോദരന്മാർ പ്രസംഗത്തിനായി വന്നു. അവരുടെ ജീവിതരീതിയും ആത്മീയസന്തോഷവും അന്തോണിയെ വല്ലാതെ ആകർഷിച്ചു. അധികാരികളോട് അനുമതി വാങ്ങി ഫ്രാൻസിസ്കൻ സഭയിൽ ചേർന്നു. ഒരു മിഷനറിയാവുക എന്ന ലക്ഷ്യത്തോടെ പ്രാർത്ഥനയുടേയും പരിഹാരത്തിന്റെയും ജീവിതത്തിലൂടെ മുന്നേറിയ അന്തോണിയച്ചൻ പ്രഗൽഭനായ പ്രാസംഗികനുമായിരുന്നു. അനേകം പേരെ മാനസാന്തരത്തിലേക്ക് നയിക്കാൻ അദ്ദേഹത്തിന്റെ പ്രസംഗത്തിന് കഴിഞ്ഞു.

അന്തോണീസിന്റെ പേരുമായി വളരെയധികം ഇഴുകി ചേർന്നിട്ടുള്ള ഒരു സ്ഥലമാണ് പാദുവ. അന്തോണീസിന്റെ പാദസ്പർശത്താൽ പരിപാവനവും പ്രശസ്തവുമായിത്തീർന്നു പാദുവാനഗരം. ആധ്യാത്മികതയിൽ വിശ്വാസമില്ലാത്ത ഒരു തലമുറ കൂടിയായിരുന്നു അവിടെ. പൊങ്ങച്ചമായിരുന്നു അവരുടെ മുഖമുദ്ര. പാദുവായിലെത്തിയ അന്തോണീസ് ലൗകിക സുഖങ്ങളിൽ മാത്രം ആറാടി കഴിഞ്ഞിരുന്ന ജനങ്ങൾക്കിടയിൽ ശാന്തിയും സന്തോഷവും വിതറി. അവിടുത്തെ ജനങ്ങളിൽ അത്ഭുതകരമായ മാറ്റം

ഉണ്ടാക്കാൻ അന്തോണീസിന്റെ പ്രസംഗത്തിന് സാധിച്ചു. പാദുവായിലെ ജനങ്ങൾ അന്തോണീസിനെ തങ്ങളുടെ പ്രവാചകനും നേതാവുമായി അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്തു. ആ വസ്ത്രാഞ്ജലത്തിൽ ഒന്നു സ്പർശിക്കുവാനും അദ്ദേഹത്തെ ഒരു നോക്കു കാണുവാനും ജനങ്ങൾ തിക്കിത്തിരക്കിയിരുന്നു. കള്ളന്മാരും ശത്രുതയിൽ കഴിഞ്ഞവരും മാനസാന്തരപ്പെട്ട് അന്തോണീസിനെ അനുഗമിച്ചു. ദുരാചാരങ്ങളും ദുർവൃത്തിയും നിറഞ്ഞിരുന്ന പാദുവ നന്മയുടെയും സദാചാരത്തിന്റെയും പാതയിലേക്ക് കടന്നുവന്നു. ദൈവത്തിന്റെ അനന്തസ്നേഹം അവർ അനുഭവിച്ചറിഞ്ഞു.

വിശ്രമജീവിതം നയിച്ചുവരവെ 1231 ജൂൺ 13 വെള്ളിയാഴ്ച ഫാദർ അന്തോണീസിന്റെ ആത്മാവ് സമാധാനത്തോടും സന്തോഷത്തോടും കൂടെ സ്വർഗപിതാവിന്റെ സന്നിധിയിലേക്ക് പറന്നുയർന്നു. ചൊവ്വാഴ്ചയാണ് അന്തോണീസിന്റെ മൃതദേഹം സംസ്കരിച്ചത്. അതിനാൽ ചൊവ്വാഴ്ച അന്തോണീസിന്റെ മധ്യസ്ഥതയിൽ ഇന്നും അത്ഭുതങ്ങൾ നടക്കുന്നു. 1232 മെയ് 30ന് ഗ്രിഗറി 9-ാം മാർപാപ്പ, അന്തോണീസിനെ വിശുദ്ധരുടെ പദവിയിലേക്കുയർത്തി. കാണാതെപോയ വസ്തുക്കൾ കണ്ടുകിട്ടുന്നതിന് ഏറെ സഹായിക്കുന്ന വിശുദ്ധനാണ് അന്തോണീസ്.

നമുക്കു പ്രാർത്ഥിക്കാം. "അത്ഭുത പ്രവർത്തകനായ വിശുദ്ധ അന്തോണീസേ, ആഴമായും അധികമായും ഈശോയേ സ്നേഹിക്കുവാനും ഈശോയ്ക്കുവേണ്ടി ജീവിതം സമർപ്പിക്കുവാനും എനിക്ക് കൃപ തരണമേ".

---



## Sr. എഡിത്ത് സി.എച്ച്.എഫ്.

ഹോളി ഫാമിലി സന്യാസിനി സമൂഹത്തിൽ നിത്യവ്രത വാഗ്ദാനം നടത്തിയ Sr. എഡിത്ത് സി.എച്ച്.എഫ്. ന് (പുത്തൻ വീട്ടിൽ ജോസ് - ത്രേസ്യ മകൾ ഷീന) മാപ്രാണം ഇടവകയുടെ പ്രാർത്ഥനാശംസകൾ



## Br. സാന്റോ ചക്രംപുള്ളി വി.സി.

വിൻസെൻഷ്യൻ സന്യാസ സമൂഹത്തിൽ വൈദികവസ്ത്രം സ്വീകരിച്ച Br. സാന്റോ ചക്രംപുള്ളി വി.സി. ക്ക് (ചക്രംപുള്ളി പൗലോസ് - റോസിലി മകൻ) മാപ്രാണം ഇടവകയുടെ പ്രാർത്ഥനാശംസകൾ

# മതബോധനം

ഈ വർഷത്തെ വിശ്വാസ പരിശീലന ക്ലാസ്സുകൾ ജൂൺ 8-ാം തിയ്യതി ആരംഭിക്കുകയാണല്ലോ. ഈയവസരത്തിൽ വിശ്വാസ പരിശീലനവുമായി ബന്ധപ്പെട്ട ചില ചിന്തകൾ താഴെ കൊടുക്കുന്നു.

**വിശ്വാസ പരിശീലനത്തിന്റെ ലക്ഷ്യം എന്ത്?**

വിശ്വാസ പരിശീലനം മൂന്ന് വിധത്തിൽ നിർവ്വചിക്കാം.

A സഭയുടെ വിശ്വാസത്തെക്കുറിച്ചുള്ള അറിവും അനുഭവവും ജീവിതവും സ്വന്തമാക്കി വളരാൻ കുട്ടികളെ സഹായിക്കുക.

B ബോധ്യങ്ങൾ, മനോഭാവങ്ങൾ, ശീലങ്ങൾ എന്നിവയിലൂടെ ക്രിസ്തീയ ജീവിതം സ്വന്തമാക്കി വളരാൻ കുട്ടികളെ സഹായിക്കുക.

C ക്രിസ്തുവിന്റെ കാഴ്ചപ്പാടുകളിലേക്കും, മനോഭാവങ്ങളിലേക്കും, ജീവിതശൈലികളിലേക്കും കുട്ടികളെ നയിക്കുക മുതലായവയാണ് വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യം.

**വിശ്വാസ പരിശീലനത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക്**

1. ഓരോ ക്ലാസ്സിലേയും പാഠത്തിലൂടെയും പരിശീലനത്തിലൂടെയും കുട്ടികൾ സ്വന്തമാക്കേണ്ട ബോധ്യങ്ങൾ, മനോഭാവങ്ങൾ, ശീലങ്ങൾ എന്നിവ കുട്ടികളിൽ എത്തിചേരാൻ മതാദ്ധ്യാപകരോടൊപ്പം മാതാപിതാക്കളും സഹായിക്കുക
2. വിശ്വാസപരിശീലനത്തിന് ചേർന്ന വിശ്വാസാന്തരീക്ഷം കുടുംബത്തിൽ നിലനിറുത്തുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കുക.
3. വിശ്വാസപരിശീലനത്തിന്റെ ആവശ്യകതയെക്കുറിച്ചു കുട്ടികളെ ബോധ്യപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
4. വിശ്വാസപരിശീലകരെ ആദരിക്കുവാനും, അംഗീകരിക്കുവാനും, പ്രോത്സാഹിപ്പിക്കുവാനും ശ്രദ്ധിക്കുക.
5. ഇടവകയിലെ ഭക്തസംഘടനകളിലും ഇതരപ്രവർത്തനങ്ങളിലും പങ്ചേരാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുക.
6. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ അനുസരിച്ചു ജീവിച്ചുകൊണ്ട് നിത്യജീവൻ പ്രാപിക്കുകയെന്ന ബോധ്യത്തിൽ സ്വയം ആഴപ്പെടാനും കുഞ്ഞുമനസ്സുകളിൽ ആഴപ്പെടുത്തുവാനും ശ്രദ്ധിക്കുക.
7. വിശ്വാസപരിശീലനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വീട്ടിൽ ചർച്ചാവിഷയമാക്കുകയും കുട്ടികളുടെ മനോഭാവങ്ങളെയും ബോധ്യങ്ങളെയും തിരിച്ചറിയുവാനും തിരുത്തൽ വരുത്തുവാനും ശ്രദ്ധിക്കുക.

2013-2014 അധ്യയന വാർഷിക പരീക്ഷയിൽ വിജയിച്ച എല്ലാ കുട്ടികൾക്കും ഉയർന്ന മാർക്ക് വാങ്ങി ഒന്നും രണ്ടും സ്ഥാനം അലങ്കരിച്ചവർക്കും അഭിനന്ദനവും ആശംസകളും നേരുന്നു.

**ലോനപ്പൻ തട്ടിൽ മണ്ടി, ഹെഡ്മാസ്റ്റർ**

**2014-15 അധ്യയനവർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ജൂൺ 8-ാം തിയ്യതി ഞായറാഴ്ച ആരംഭിക്കുന്നു.**

# എന്തു നല്ലമ്മ... എന്നുടെ അമ്മ



## നിത്യസഹായ മാതാവ് - ജൂൺ 27
## Our Lady of Perpetual Help

സി. ക്രിസറ്റ് FCC, മാപ്രാണം



പരിശുദ്ധ അമ്മ-എന്നും കൂടെയുള്ള നിറസാന്നിധ്യം. അമ്മേ എന്ന നമ്മുടെ വിളിക്കുമുമ്പിൽ എന്നും എപ്പോഴും ഓടിയെത്തുന്ന അമ്മ- നിത്യസഹായ മാതാവ്. അതെ നിത്യവും നമ്മെ സഹായിക്കാൻ സന്നദ്ധയായി നിൽക്കുന്ന അമ്മയുടെ ചിത്രത്തിലേക്ക് നമുക്ക് ഒന്നു നോക്കാം.

"മാധുര്യമേറും നിൻ നേത്രങ്ങൾ ഹാ!
ശോകപൂർണ്ണങ്ങളാണല്ലോ
ആ നിന്റെ തിരു നേത്രങ്ങൾ കൊണ്ടു
നോക്കുക മക്കൾ ഞങ്ങളെ"

നമുക്കേവർക്കും സ്വന്തമായ വരികൾ - കാരുണ്യവും, സ്നേഹവും മാധുര്യവും നിറഞ്ഞൊഴുകുന്ന മനോഹരമായ കണ്ണുകളിൽ ശോകഛായ... നമ്മുടെ സങ്കടങ്ങൾ അമ്മ ഏറ്റെടുത്തു കഴിഞ്ഞു. നമുക്ക് വേണ്ടി തിരുക്കുമാരനരികിൽ ഈറനണിയുന്ന കണ്ണുകൾ.

പരിശുദ്ധ കന്യകാമറിയത്തിന് നിത്യസഹായമാതാവ് എന്ന നാമം നൽകിയത് 9-ാം പിയൂസ് മാർപാപ്പയാണ്. റോമിൽ ഉണ്ടായിരുന്ന നിത്യസഹായമാതാവിന്റെ തിരുസ്വരൂപം (Icon) 1499ൽ സ്ഥിരമായി സെന്റ് അൽഫോൻസ് ലിഗോരിയുടെ ദൈവാലയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. ആദ്യമായ് ആഴ്ചതോറും നിത്യസഹായമാതാവിന്റെ നൊവേന ചൊല്ലി തുടങ്ങിയത് ഈ ദൈവാലയത്തിൽ വച്ചാണ്. മാലാഖമാരാൽ ചുറ്റപ്പെട്ട കലാപരമായ ഈ തിരുസ്വരൂപം (Icon) പൗരസ്ത്യ ഓർത്തഡോക്സ് സഭയിൽ സഹനത്തിന്റെ കന്യക - ദൈവമാതാവ് എന്ന പേരിലാണ് അറിയപ്പെടുന്നത്. മാതാവിനെ കുറിച്ചുള്ള കലാപരമായ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കാനും സംരക്ഷിക്കാനുമായി, പരിശുദ്ധ സിംഹാസനം ഭരമേല്പിച്ചിരിക്കുന്നത് റിഡംപ്ട്രിസ്റ്റ് വൈദികരെയാണ്. ഇന്നും എല്ലാവർഷവും ജൂൺ 27-ാം തിയ്യതി നിത്യസഹായ മാതാവിന്റെ തിരുനാൾ ആഗോളസഭയിൽ ആഘോഷമായി കൊണ്ടാടുന്നു. അതോടൊപ്പം ആഴ്ചതോറും എല്ലാ ബുധനാഴ്ചകളിലും

മരിയ ഭക്തി ആവോളം ആഘോഷിക്കാൻ നൊവേന ഉപാസന നടത്തി വരുന്നു. 12-ാം പിയൂസ് പാപ്പ തന്റെ അധികാരത്തിൽ കീഴിൽ നിത്യസഹായമാതാവിനെ രാഷ്ട്രത്തിന്റെ രക്ഷാധികാരിയായി പ്രഖ്യാപിച്ചു. സെന്റ് അൽഫോൻസ് ലിഗോരിയുടെ ദൈവാലയത്തിലെ അൾത്താരയിൽ തൂക്കിയിട്ടിരിക്കുന്ന മരംകൊണ്ടുള്ള നിത്യസഹായമാതാവിന്റെ (Icon) ന്റെ അളവുകൾ 17" X25" ആണ്. അത് പെയിന്റ് ചെയ്തിരിക്കുന്നത് ഗോൾഡ് ലീഫ് പശ്ചാത്തലത്തിലാണ്. പരിശുദ്ധ കന്യകാമറിയം ധരിച്ചിരിക്കുന്ന കടുംചുവന്ന നിറമുള്ള വസ്ത്രം ഈശോയുടെ പീഢാനുഭവത്തേയും അവിടത്തെ നീലമേലങ്കി നിത്യകന്യകാത്വത്തെയുമാണ് സൂചിപ്പിക്കുന്നത്. അയഞ്ഞ പുറംകുപ്പായം വിനീത മനോഭാവത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. കളിച്ചുകൊണ്ടിരുന്ന ഉണ്ണീശോ, കുന്തവും കുരിശും വഹിക്കുന്ന മാലാഖമാരെ കണ്ട് ഭയന്നോടി മാതാവിന്റെ കരങ്ങളിൽ അഭയം പ്രാപിച്ചിരിക്കുന്നതായാണ് ഈ ഐക്കണിന്റെ മുഖ്യ ചിത്രീകരണം. ഭയന്നുള്ള ഓട്ടത്തിൽ ചെരുപ്പിന്റെ വള്ളി പൊട്ടി കിടക്കുന്നതായും ചിത്രീകരിച്ചിരിച്ചിട്ടുണ്ട്. ചിത്രത്തിന്റെ ഇടതുവശത്ത് കുന്തം വഹിക്കുന്ന മിഖായേൽ മാലാഖയെയും വലതുവശത്ത് 3 അഴി കുരിശും (ആ കാലഘട്ടത്തിലെ പാപ്പമാർ ഉപയോഗിച്ചിരുന്നത്) ആണിയും കയ്യിലേന്തി നിൽക്കുന്ന ഗബ്രിയേൽ മാലാഖയേയും ചിത്രീകരിച്ചിരിക്കുന്നു. റോമൻ കത്തോലിക്കരുടെ ഇടയിൽ ഈ രൂപം ജനപ്രീതി നേടുകയും ഒത്തിരി പകർപ്പുകളും പുനഃപ്രസിദ്ധീകരണങ്ങളും നടത്തുകയും ചെയ്തു. പൊതുഗതാഗതമാർഗങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും, വീടുകളിലും എല്ലാം ഈ രൂപത്തിന്റെ ആധുനിക ചിത്രീകരണങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. ആശ്രയിച്ച് അപേക്ഷിക്കുന്നവരെ ഒരിക്കലും ഉപേക്ഷിക്കില്ല എന്ന് ഇന്നും തെളിയിച്ചുകൊണ്ടിരിക്കുന്ന നിത്യസഹായമാതാവിന്റെ മധ്യസ്ഥം എന്നും നമുക്ക് തേടാം. കാലിത്തൊഴുത്തിൽ ഉണ്ണിയെ കയ്യിലേന്തിയതുമുതൽ കാൽവരിയിലും, കുരിശിൻ ചുവട്ടിലും കൂടെനിന്ന പരിശുദ്ധ അമ്മയോട് ചേർന്ന് നമുക്കും ഈശോയിലേക്ക് നടക്കാം.

**എന്തു നല്ലമ്മ..... എന്നുടെ അമ്മ**

**എനിക്കും ഈശോയ്ക്കും ഒരേ അമ്മ... ഒരേ ഒരമ്മ.**

## മാമ്മോദീസ

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | ശിശുവിന്റെ പേര് | ജനനം | മാമ്മോദീസ |
|---|---|---|---|---|---|
| മാപ്രാണം | ചാലിശ്ശേരി | റിനോഷ്+സോജ | ഇസബെൽ മരിയ (എലിശ്വാ) | 04 - 01 - 2014 | 27 - 04 - 2014 |
| ഇരിങ്ങാലക്കുട | മന്ന ചെക്കനാട്ട് | ബിജു+സോന | ഓസ്ലിയ (മേരി) | 27 - 01 - 2014 | 27 - 04 - 2014 |
| മാപ്രാണം | ആലപ്പാടൻ | ലസ്സി+ജോയ്സി | ജോൺവിൻ (യാക്കോബ് | 30 - 01 - 2014 | 01 - 05 - 2014 |
| നടവരമ്പ് | തെക്കൂടൻ | ആൻസൺ+റിയ | റെയൻ ദേവ് | 12 - 09 - 2013 | 04 - 05 - 2014 |
| ചേർപ്പ് | ഇഞ്ചോടിക്കാരൻ | ബിജോ+സ്റ്റെഫി | സ്ലീവ് (മാത്യു) | 04 - 03 - 2014 | 11 - 05 - 2014 |
| കല്ലേറ്റുംകര | തുളുവത്ത് | ബാസ്റ്റിൻ+ജെറി | മിയ (റോസിലി) | 21 - 02 - 2014 | 11 - 05 - 2014 |

# നിങ്ങൾക്കറിയാമോ?

ബീന തോമസ് ചേറേങ്ങാടൻ



കൂട്ടുകാരേ, ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്ന മൊബൈൽ ഫോൺ കണ്ടുപിടിച്ചതാരാണെന്ന് നിങ്ങൾക്കറിയാമോ? അമേരിക്കൻ വംശജനായ മാർട്ടിൻ കൂപ്പർ ആണ് മൊബൈൽ ഫോൺ കണ്ടുപിടിച്ചത്. അതിനു മുൻപുള്ള കാലഘട്ടത്തിൽ കാറുകളിലും മറ്റു വാഹനങ്ങളിലും മാത്രം ഉപയോഗിക്കാവുന്ന കാർഫോണുകൾ കണ്ടുപിടിച്ചിരുന്നു എങ്കിലും അവയൊന്നും എവിടെ വേണമെങ്കിലും യഥേഷ്ടം കൊണ്ടുപോയി സംസാരിക്കാൻ കഴിയുമായിരുന്നില്ല. പ്രശസ്തമായ മോട്ടറോള കമ്പനിയിൽ ജോലി ചെയ്തിരുന്ന കാലത്ത് തന്റെ ആദ്യത്തെ സെൽഫോണിൽ നിന്ന് 1973 ഏപ്രിൽ 3-ാം തിയ്യതി ന്യൂയോർക്ക് സിറ്റിയിലെ സ്ട്രീറ്റിൽ നിന്നും ന്യൂ ജഴ്സിയിലുള്ള 'ബെൽ ലാബ്'സിന്റെ ഹെഡ് ക്വാർട്ടേഴ്സിലെ ഡോ. ജോയൽ എസ്. ഏഞ്ചൽ എന്ന വ്യക്തിയോടാണ് അദ്ദേഹം ആദ്യമായ് സംസാരിച്ചത്. മൊബൈൽഫോണിന്റെ പിതാവ് എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്.

## മെഗാ ക്വിസ് മത്സരം

2014 ജൂലായ് 27-ാം തിയ്യതി കുടുംബ കൂട്ടായ്മ യൂണിറ്റുകളെ ഉൾപ്പെടുത്തി, ഹോളിവോയ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ഓരോ യൂണിറ്റിൽ നിന്നും 2 പേരടങ്ങുന്ന ഒരു ടീം ആണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്. ഹോളി വോയ്സ് 2013 ജൂലായ് ലക്കം മുതൽ 2014 ജൂൺ വരെയുള്ള 12 പുസ്തകങ്ങൾ, വി. മത്തായിയുടെയും, വി. യോഹന്നാന്റെയും സുവിശേഷങ്ങൾ, അപ്പസ്തോല പ്രവർത്തനങ്ങൾ എന്നിവയിൽ നിന്നായിരിക്കും ചോദ്യങ്ങൾ. കൂടാതെ 10% ചോദ്യങ്ങൾ ഇവയ്ക്ക് പുറമെനിന്നും സഭയുമായി ബന്ധപ്പെട്ട ചോദ്യങ്ങളായിരിക്കും. 1-ാം സ്ഥാനം നേടുന്ന ടീമിന് 2001 ക. യും 2-ാം സ്ഥാനം നേടുന്ന ടീമിന് 1001 ക.യും കാഷ്പ്രൈസ് നൽകുന്നതായിരിക്കും. മത്സരത്തിന്റെ ആദ്യഭാഗം എഴുത്തു പരീക്ഷയാണ്. ഇതിൽ ആദ്യത്തെ ആറു സ്ഥാനങ്ങളിൽ വരുന്ന ടീമുകളാണ് ഫൈനൽ റൗണ്ടിൽ മത്സരിക്കുക. വൈകീട്ട് 3 മണിക്ക് മത്സരം ആരംഭിക്കും. ഇടവകയ്ക്ക് പുറത്തുനിന്നുള്ള ഒരു വ്യക്തിയായിരിക്കും ക്വിസ് മാസ്റ്റർ. എല്ലാ കുടുംബയൂണിറ്റുകളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

# സഭാവാർത്തകൾ



സി. ഡെൽസ മരിയ FCC, മാപ്രാണം

**1. ഫ്രാൻസിസ് മാർപാപ്പയ്ക്ക് ശ്രീലങ്കയിലേക്ക് ക്ഷണം.**

കർദ്ദിനാൾ മാൽക്കം രഞ്ജിത്തിന്റെ ശ്രീലങ്കയിലേക്കുള്ള ക്ഷണത്തിന് നന്ദി പറഞ്ഞ ഫ്രാൻസിസ് മാർപാപ്പ ദൈവം അതിനായി അനുഗ്രഹിക്കുമെന്ന പ്രത്യാശ പ്രകടിപ്പിച്ചു. ശ്രീലങ്കൻ സഭയെ പരിശുദ്ധ അമ്മയ്ക്കായി പ്രതിഷ്ഠിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചായിരുന്നു പാപ്പയുമായുള്ള ഈ കൂടിക്കാഴ്ച.

**2. പ്രാചീന ബൈബിൾ ഗ്രന്ഥങ്ങൾ ഇന്റർനെറ്റിൽ -വത്തിക്കാൻ സിറ്റി**

വത്തിക്കാൻ അപ്പസ്തോലിക് ലൈബ്രറിയുടെയും ഓക്സ്ഫോർഡ് സർവകലാശാലയിലെ ബൊഡ്‌ലിയൻ ലൈബ്രറിയുടെയും സംയുക്താഭിമുഖ്യത്തിൽ പ്രാചീനവും സവിശേഷ പ്രാധാന്യമുള്ളതുമായ ബൈബിൾ ഗ്രന്ഥങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഇന്റർനെറ്റിൽ ലഭ്യമാക്കുന്നു. http://bav-bodleian.ox.ac.uk. എന്ന വെബ്സൈറ്റിലാണ് ഇവ ലഭിക്കുക. നാലുവർഷം നീണ്ടുനിന്ന സംയുക്തസംരംഭത്തിന്റെ ആദ്യ ചുവടു വയ്പുമാത്രമാണിത്.

**3. 2015 സമർപ്പിത വർഷം - മാർപാപ്പ**

സമർപ്പിതർക്കുവേണ്ടി 2015 സമർപ്പിക്കുമെന്ന് ഫ്രാൻസിസ് മാർപാപ്പ. വത്തിക്കാനിൽ നടന്ന സുപ്പീരിയർ ജനറൽമാരുടെ കൂട്ടായ്മയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തെ ഉണർത്താൻ സാധിക്കുന്നവരാണ് സമർപ്പിതർ. അതുകൊണ്ട് സമർപ്പിത ജീവിതം പ്രോത്സാഹിപ്പിക്കുവാനും സമർപ്പിതർ നേരിടുന്ന വെല്ലുവിളികളിലേക്ക് ലോകശ്രദ്ധ തിരിയാനും സമർപ്പിത വർഷാചരണം ഉപകരിക്കുമെന്ന് പാപ്പ പറഞ്ഞു.

**4. മാർപാപ്പ വിശുദ്ധ നാട്ടിൽ :**

ഭാഗ്യസ്മരണാർഹനായ പോൾ ആറാമൻ മാർപാപ്പയും കോൺസ്റ്റാന്റിനോപ്പിൾ പാത്രീയാർക്കീസ് മാർ അത്തനാഗോറസും തമ്മിൽ ജറുസലേമിൽ നടത്തിയ നിർണായകമായ എക്യുമെനിക്കൽ കൂടിക്കാഴ്ചയുടെ 50-ാം വർഷമാണിത്. ചരിത്രപ്രസിദ്ധമായ പ്രസ്തുത സംഭവത്തിന്റെ ഓർമ്മ പുതുക്കൽ കൂടിയായിരുന്നു തന്റെ യാത്രയുടെ ഉദ്ദേശമെന്ന് പാപ്പ വ്യക്തമാക്കി.

**5. സിനഡിന് പ്രാർത്ഥനാ സഹായം - റോം**

അടുത്ത ഒക്ടോബറിൽ നടക്കുന്ന മെത്രാൻ സിനഡ് കുടുംബങ്ങളുടെ അജപാലന വെല്ലുവിളികളാണ് ചർച്ച ചെയ്യുക. ഇത്തരുണത്തിൽ കുടുംബങ്ങളുടെ പ്രാർത്ഥനാസഹായം അപേക്ഷിക്കുന്നു. സഭയിലും സമൂഹത്തിലും കുടുംബങ്ങൾക്കുള്ള വിളിയും ദൗത്യവുമാണ് സിനഡ് പ്രധാനമായും ചർച്ച ചെയ്യുക. 2015 സെപ്തംബറിൽ ഫിലാഡൽഫിയായിൽവച്ച് കുടുംബങ്ങളുടെ ആഗോള സമ്മേളനവും ആസൂത്രണം ചെയ്യുന്നുണ്ട്.

# പഠനത്തിന്റെ വഴികൾ



പി.കെ.ഭരതൻ
2004ലെ ദേശീയ അധ്യാപക അവാർഡ് ജേതാവ്

1. പഠനവിഷയങ്ങളോട് താത്പര്യം വളർത്തുക, പഠനം ഒരു ശീലമാക്കിമാറ്റുക, ദിനചര്യയാക്കി മാറ്റുക,
2. ഏകാഗ്രതയോടെ പഠനത്തിൽ മാത്രം ശ്രദ്ധയൂന്നാൻ സഹായിക്കുന്ന ഇടം പഠനത്തിനായി തിരഞ്ഞെടുക്കുക.
3. പഠനം തുടങ്ങും മുമ്പ് മേശപുറത്ത് അതാത് ദിവസം പഠിക്കാനുള്ള പുസ്തകങ്ങളും കടലാസുകളും മാത്രം വെയ്ക്കുക.
4. ബുദ്ധിമുട്ടുള്ള വിഷയങ്ങൾക്ക് കൂടുതൽ സമയം നൽകി ഓരോ മാസത്തേയും പഠനരൂപരേഖ തയ്യാറാക്കുക.
5. ഭാഷാവിഷയങ്ങളിലും ശാസ്ത്രവിഷയങ്ങളിലും വിഭിന്നമായ അനുകൂല പഠനരീതികൾ കണ്ടെത്തുക.
6. സമയവ്യവസ്ഥ - സമയക്രമീകരണം ദൃഢനിശ്ചയത്തോടെ നടപ്പാക്കുക.
7. സ്കൂൾ ദിവസങ്ങളിലും അവധി ദിവസങ്ങളിലും വിഭിന്ന സമയ പട്ടിക തയ്യാറാക്കി അതനുസരിച്ച് പഠിക്കുക.
8. ഓരോ ദിവസവും പഠിക്കാനുള്ള വിഷയങ്ങൾ ഒരു പേപ്പറിൽ എഴുതി വയ്ക്കുക. ഓരോ പാഠവും പഠിച്ചു കഴിയുമ്പോൾ ആ ഭാഗം ടിക്ക് ചെയ്യുക. നിങ്ങളുടെ പഠനത്തിലുള്ള മുന്നേറ്റം നിങ്ങൾക്കുതന്നെ ബോധ്യപ്പെടാൻ ഇതുവഴി കഴിയും.
9. താത്പര്യം വളർത്താനുതകുന്ന വിനോദങ്ങൾ, കളികൾ എന്നിവയിൽ വ്യാപൃതനാവുക, കളികൾക്കും വ്യായാമത്തിനും കൃത്യസമയം നിശ്ചയിക്കണം. സമയക്ലിപ്തത പാലിക്കണം.
10. പാഠപുസ്തകങ്ങൾ ശേഖരിക്കുക. അനുബന്ധ പഠനത്തിന് പ്രാധാന്യം നൽകി പാഠ്യരീതിയുണ്ടാക്കുക. ഒറിജിനൽ ടെക്സ്റ്റ് നിർബ്ബന്ധമായും പഠിക്കുക. പഠന സഹായികൾ ഏറ്റവും അവസാനം മാത്രമേ ആവശ്യമായി വരികയാണെങ്കിൽ നോക്കാവൂ.
11. ഓരോ വിഷയങ്ങൾക്കും ഓരോ ചാർട്ട് തയ്യാറാക്കി പഠനമുറിയിൽ കാണത്തക്കരീതിയിൽ സ്ഥാപിക്കുക. എല്ലാ അധ്യായങ്ങളും മൂന്നു നിറങ്ങളിൽ (ചുവപ്പ്, നീല, പച്ച അടയാളമിടുക. 1-ാം പ്രാവശ്യം ചുവപ്പ്. അതേ അധ്യായം പഠിച്ച് ഒന്നോ രണ്ടോ പ്രാവശ്യം പൂർത്തിയാകുമ്പോൾ അടുത്ത നിറം. പരീക്ഷക്കു മുമ്പ് ആവർത്തിച്ചുറപ്പിക്കുമ്പോൾ അവസാനത്തെ നിറവും അടയാളപ്പെടുത്തുക.
12. വ്യക്തി ശുചിത്വം, ദിനചര്യ എന്നിവയിൽ നിഷ്ഠ പുലർത്തുക
13. നല്ല കൂട്ടുകാരെ കണ്ടെത്തുക. ഗ്രൂപ്പ് സ്റ്റഡിക്ക് അവസരമുണ്ടാക്കുക.
14. ദൃശ്യ-ശ്രവ്യമാധ്യമങ്ങളിൽ വരുന്ന വാർത്താധിഷ്ഠിതവും വിജ്ഞാനാധിഷ്ഠിതവുമായ പരിപാടികൾ നിശ്ചിതസമയത്ത് മാത്രം ശ്രദ്ധിക്കുക.

# ആരോഗ്യ ചിന്തകൾ



**ജെസ്റ്റിൻ ജോസ് എം.**

ഉറക്കവും ആരോഗ്യവുമായി വലിയ ബന്ധമാണുള്ളത്. നട്ടെല്ല് വളയാതെ നിവർന്നു കിടക്കാൻ സാധിക്കുന്ന സ്ഥലത്താവണം ഉറക്കം. തറയിലായാലും കുഴപ്പമില്ല. കാലുകൾ നിവർത്തി മലർന്ന് കിടന്ന് തലയിണ വയ്ക്കാതെ കിടക്കുന്നതാണ് ഏറ്റവും നല്ലത്. അത്യാവശ്യം ചരിഞ്ഞു കിടക്കുന്നതും കുഴപ്പമില്ല. എന്നാൽ കമിഴ്ന്നു കിടന്നുറങ്ങുന്നത് നട്ടെല്ലിന്റെ ആരോഗ്യത്തിന് നല്ലതല്ല. തലയിണ ഉപയോഗിക്കുകയാണെങ്കിൽ കട്ടി കുറഞ്ഞതാണ് നല്ലത്. ചുമലിന്റെ ഭാഗം കൂടി താങ്ങുന്ന വിധത്തിൽ തലയിണയിലേക്ക് കയറി കിടക്കണം, തലയും ശരീരവും ഒരേ ലെവലിൽ വരത്തക്ക രീതിയിൽ ആകണം. വലിയ തലയിണ അല്ലെങ്കിൽ രണ്ടു തലയിണ വച്ച് കഴുത്ത് വളച്ചു കിടക്കുന്ന രീതി കാലക്രമേണ കഴുത്തിന്റെ കശേരുകൾക്ക് തേയ്മാനം - സെർവിക്കൻ സ്പോണ്ടെലോസിസ് - ഉണ്ടാക്കാനോ തേയ്മാനം അധികമാക്കാനോ ഇടയാക്കും. കിടന്നുകൊണ്ട് ടി.വി. കാണുന്നതും വായിക്കുന്നതും ഒഴിവാക്കുന്നതാണ് നല്ലത്. നമ്മുടെ കിടക്കയും പരിസരവും വൃത്തിയായി വയ്ക്കുക. കിടക്കവിരി, തലയിണ ഉറ എന്നിവ ഏറ്റവും കുറഞ്ഞത് ആഴ്ചയിൽ ഒരിക്കലെങ്കിലും മാറ്റുക. ആസ്തമ, അലർജി രോഗമുള്ളവർ അവ ഇടയ്ക്കിടെ മാറ്റേണ്ടതാണ്.

ഉറങ്ങുന്നതിനു മുൻപ് ഒരു ഗ്ലാസ് ചൂടുപാൽ കഴിയ്ക്കുന്നത് നല്ലതാണെന്ന് കരുതുന്നവരും നിത്യേന അങ്ങനെ ചെയ്യുന്നവരുമുണ്ട്. യഥാർത്ഥത്തിൽ ഇതൊരു നല്ല കാര്യമല്ല. എന്തായാലും പ്രമേഹ രോഗികളും അമിതവണ്ണമുള്ളവരും ഈ ശീലം ഒഴിവാക്കേണ്ടതാണ്. പകരം തിളപ്പിച്ചാറിയ വെള്ളമോ നന്നായി അരിച്ചെടുത്ത വെള്ളമോ കുടിയ്ക്കുക.

ഉണർന്ന ഉടനെയും ഉറങ്ങുന്നതിനു മുൻപും ദന്തശുദ്ധി വരുത്തണം. രാത്രിയിൽ പല്ലുകൾ ബ്രഷ് ചെയ്യുന്നതാണ് നല്ലത്. രാത്രി ബ്രഷ് ചെയ്യുന്ന സമയത്ത് നാവും വൃത്തിയാക്കേണ്ടതാണ്.

ദിവസവും അഞ്ചു മുതൽ ആറു മണിക്കൂർ വിശ്രമം - ഉറക്കം മനുഷ്യന് ആവശ്യമാണ്. ശരീരത്തിനും മനസ്സിനും കൂടുതൽ ഊർജ്ജസ്വലത ലഭിക്കുന്നതിനും ഇത് ഇടയാക്കുന്നു. രാത്രിയിലെ നല്ല ഉറക്കം കാര്യക്ഷമതയുള്ള പുതിയ പ്രഭാതങ്ങളാണ് നമുക്കു സമ്മാനിക്കുക. എന്നാൽ അല്പം കൂടിക്കോട്ടെ എന്നു കരുതി ഉറക്കത്തിന്റെ അളവ് കൂട്ടരുത്. അത് പല ജീവിതശൈലി രോഗങ്ങളിലേക്കാണ് നമ്മെ നയിക്കുക എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

## കുടുംബകൂട്ടായ്മ വാർഷികത്തോടനുബന്ധിച്ച് കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്തിയ കലാമത്സരങ്ങളിൽ 1ഉം 2ഉം സ്ഥാനം നേടിയവർ

**ഓവറോൾ ചാമ്പ്യൻഷിപ്പ്**
**സെന്റ് മേരീസ് II**

**രണ്ടാം സ്ഥാനം**
**സെന്റ് ജോൺ II**

### ഫുട്ബോൾ

**ചാമ്പ്യൻ ടീം:**

**സെന്റ് റോസ് യൂണിറ്റ്**

1. ജോഷി വർഗീസ് കോലങ്കണ്ണി
2. ലിജോ ജോണി അറയ്ക്കൽ
3. നിധിൻ ഡേവിസ് തട്ടിൽ
4. സ്റ്റാലിൻ ജോയ് മാറോക്കി
5. ജോഫി ജോർജ്ജ് കാഞ്ഞിരക്കാടൻ
6. ഫിജോ ജോർജ് കാഞ്ഞിരക്കാടൻ
7. ജോബി ജോസ് കാഞ്ഞിരക്കാടൻ
8. ജോസ് കാഞ്ഞിരക്കാടൻ (ക്യാപ്റ്റൻ)
9. ജിപ്സൻ കാഞ്ഞിരക്കാടൻ
10. റോജിൻ തോബിയാസ് കാഞ്ഞിരക്കാടൻ

**റണ്ണേഴ്സ് അപ്:**

**സെന്റ് മേരീസ്1,2 യൂണിറ്റുകൾ**

1. ഡിനു ഡേവിസ് പൊന്തോക്കൻ
2. സിജു വർഗീസ് കോമ്പാറക്കാരൻ
3. ജോക്സൻ ജോസ് മംഗലൻ
4. ബൈജു ജോസ് മീൻപറമ്പിൽ
5. ജോയ് തൊമ്മാന
6. അജുൻ പാലമറ്റം
7. സിജു തൊമ്മാന (ക്യാപ്റ്റൻ)
8. ജോ ആന്റണി
9. ജിബിൻ ജോസ്
10. ഷിബിൻ വർഗീസ്, 11. ഷൈൻ

### വടംവലി

**ഒന്നാം സ്ഥാനം**

**സെന്റ് മേരീസ് യൂണിറ്റ് II**

1. ജോയ് മാറോക്കി (ക്യാപ്റ്റൻ)
2. സിജു കോമ്പാറക്കാരൻ
3. ഷിജോ കിടങ്ങുപറമ്പിൽ
4. വർഗീസ് ചാലിശ്ശേരി
5. ബൈജു മീൻപറമ്പിൽ
6. സിജോ കുറ്റിക്കാടൻ
7. എബിൻ ചാക്കോ
8. ലെനിൻ പുത്തൂർ
9. ഡേവിസ് കാഞ്ഞിരക്കാടൻ
10. ജിതിൻ എരങ്ങത്തുപറമ്പിൽ
11. ജോൺസൻ തൊമ്മാന

**രണ്ടാം സ്ഥാനം**

**സെന്റ് ജോർജ് യൂണിറ്റ്**

1. സെബി കള്ളാപറമ്പിൽ (ക്യാപ്റ്റൻ)
2. ബോണി നായങ്കര
3. ഡെയ്സൺ ചാക്കോര്യ
4. ഷാജൻ കാഞ്ഞിരപള്ളൻ
5. വിനു ബേബി അറയ്ക്കൽ
6. ജോബി കാളിയങ്കര
7. ജോസ് പഴേടത്തുപറമ്പിൽ
8. സജോയ് പടിക്കപറമ്പിൽ

### കാരംസ്

**സെന്റ് സെബാസ്റ്റ്യൻ**

നിർമൽ. സി. ജോണി &
നിഖിൽ ജോയ്

**സെന്റ് മരീസ് II**

ഷിജോ കിടങ്ങുപറമ്പിൽ &
ഡിനു പൊന്തോക്കൻ

**ഒന്നാം സ്ഥാനം ഷട്ടിൽ രണ്ടാം സ്ഥാനം**

സ്റ്റിജിൻ & റിച്ചി ജോ ആന്റണി & ജിബിൻ ജോസ്
സെന്റ് ഗീവർഗീസ് സെന്റ് മേരീസ് I

**കൂട്ടയോട്ടം - ജൂനിയർ**

ഡിനു പൊന്തോക്കൻ - സെന്റ് മേരീസ് II ജിത്തു പോൾ - സെന്റ് അൽഫോൻസ

**കൂട്ടയോട്ടം - സീനിയർ**

ജെയ്സൻ കൊരുമ്പേരി - സെന്റ് റോസ് ഷാജൻ മൽപാൻ - സെന്റ് സേവിയേഴ്സ്

**സൈക്കിൾ സ്ലോ റെയ്സ് (ആൺകുട്ടികൾ)**

അമൽ പി.ജെ. - സെന്റ് മരീസ് II ജെയ്ൻ ജോസ് - സെന്റ് ജോർജ്

**സൈക്കിൾ സ്ലോ റെയ്സ് (പെൺകുട്ടികൾ)**

ഡോണ പോൾസൺ - സെന്റ് ജോൺ II ചിഞ്ചു ജോർജ് - സെന്റ് റോസ്

**കസേരയോട്ടം - ജൂനിയർ**

മോൾസി ഡെയ്സൺ - സെന്റ് ജോർജ് പ്രിൻസി ജെയ്സൻ - സെന്റ് മേരീസ് I

**കസേരയോട്ടം - സീനിയർ**

ജെസ്സി വിൻസന്റ് - സെന്റ് ജോൺ II ജിംസി വർഗീസ് - സെന്റ് അൽഫോൻസ

**സ്പൂൺ റെയ്സ് - ജൂനിയർ**

ചിഞ്ചു ജോർജ് - സെന്റ് റോസ് ദീപ പോൾസൺ - സെന്റ് മേരീസ് I

**സ്പൂൺ റെയ്സ് - സീനിയർ**

റെൻസി സിജു - സെന്റ് മേരീസ് II ബീന വർഗീസ് - സെന്റ് ജോർജ്

**സൂചിയിൽ നൂൽ കോർത്ത് ഓട്ടം**

വിൻസി തോമസ് - സെന്റ് അൽഫോൻസ ശോഭ ഡെന്നി -സെന്റ് ജോർജ്

**കുപ്പിയിൽ വെള്ളം നിറക്കൽ**

ഷൈനി ഫ്രാൻസിസ് - ഹോളി ക്രോസ് റിൻസി പി.പി. - സെന്റ് ജോസഫ്

**പഞ്ചഗുസ്തി - ജൂനിയർ**

സ്റ്റിജോ ടോമി - സെന്റ് ജോൺ I ടൈറ്റസ് പുത്തൻചിറക്കാരൻ - സെന്റ് റോസ്

**പഞ്ചഗുസ്തി - സീനിയർ**

ഷാജൻ ജോർജ് പള്ളിത്തറ - സെന്റ് ജോൺ II സിജു തൊമ്മാന - സെന്റ് മേരീസ് I

**മെമ്മറി ടെസ്റ്റ് UP സെക്ഷൻ**

ജിസ്നി ജോയ് - സെന്റ് ജോൺ II ഐശ്വര്യ ഷാജി - സെന്റ് ജോൺ I

**മെമ്മറി ടെസ്റ്റ് HS സെക്ഷൻ**

ജിസ്മി ജോയ് - സെന്റ് ജോൺ II അനീറ്റ കെ. ജിഷു - സെന്റ് ജോസഫ്

**ഉപന്യാസം UP സെക്ഷൻ**

ആൻ മേരി വർഗീസ് - സെന്റ് മേരീസ് I അനീന വർഗീസ് - സെന്റ് സേവിയേഴ്സ്

**ഉപന്യാസം HS സെക്ഷൻ**

അന്ന ജോൺസൺ - സെന്റ് ജോൺ II നവ്യ ജിജിമോൻ - സെന്റ് ജോസഫ്

**തവളചാട്ടം**

ഡോണറ്റ് തോമാസ് - സെന്റ് അൽഫോൻസ എഡ്വിൻ സി. ഡെന്നീസ് - സെന്റ് ജോർജ്

**മിഠായി പെറുക്കൽ**

എയ്ഞ്ചൽ തെരേസ് - സെന്റ് സേവിയേഴ്സ് എയ്ഞ്ചല ഷാജി - സെന്റ് റോസ്

**എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.**

**തോമസ് കോപ്പുള്ളി (പ്രസിഡണ്ട്, കുടുംബകൂട്ടായ്മ കേന്ദ്രസമിതി)**

## ജൂൺ മാസത്തിലെ കുടുംബസമ്മേളനങ്ങൾ

| യൂണിറ്റ് | കുടുംബനാഥന്റെ/ നാഥയുടെ പേര് | തിയ്യതി | സമയം |
|---|---|---|---|
| സെന്റ് ആന്റണീസ് | കോമ്പാറക്കാരൻ ജോണി യോഹന്നാൻ | 01-06-14 | 2.30 p.m. |
| ഇൻഫന്റ് ജീസസ് | പന്തലിപ്പാടൻ കൊച്ചുദേവസ്സി ജെയ്സൻ | 01-06-14 | 3.15 p.m. |
| സെന്റ് ജോസഫ് | താണിപ്പിള്ളി തോമസ് ലോറൻസ് | 01-06-14 | 4.00 p.m. |
| ഹോളിക്രോസ് | അക്കേട്ടുവിഴ ഔസേപ്പ് ജോസ് | 01-06-14 | 4.45 p.m. |
| സെന്റ് സെബാസ്റ്റ്യൻ | പൂപ്പന ജോസഫ് ജോയ് | 01-06-14 | 5.30 p.m. |
| സെന്റ് ഗീവർഗ്ഗീസ് | ---------------------------------------- | 08-06-14 | 2.30 p.m. |
| സെന്റ് ജോർജ്ജ് | കണ്ടംകുളത്തി ഫ്രാൻസിസ് ആന്റണി | 08-06-14 | 3.15 p.m. |
| സെന്റ് ജോൺ I | ചെങ്ങാലൂക്കാരൻ ഔസേപ്പ് ദേവസ്സികുട്ടി | 08-06-14 | 4.00 p.m. |
| സെന്റ് ജോൺ II | മാളിയേക്കൽ പൗലോസ് തോമസ് | 08-06-14 | 4.45 p.m. |
| വാ. മദർതെരേസ | എലുവത്തിങ്കൽ അന്തോണി ജോൺ | 08-06-14 | 5.30 p.m. |
| സെന്റ് മേരീസ് I | കോണത്ത് കൊച്ചുവറീത് ജോസ് | 15-06-14 | 2.30 p.m. |
| സെന്റ് മേരീസ് II | പുത്തൂർ ഐനിക്കൽ ജോസഫ് ഗ്രെയ്റ്റൻ | 15-06-14 | 3.15 p.m. |
| സെന്റ് അൽഫോൻസ | മൂലയിൽ ഔസേപ്പ് വിൽസൻ | 15-06-14 | 4.00 p.m. |
| സെന്റ് സേവിയേഴ്സ് | തെക്കൂടൻ റപ്പായി ജോസ് | 15-06-14 | 4.45 p.m. |
| സെന്റ് റോസ് | അറയ്ക്കൽ ജോണി ഭാര്യ റോസി | 15-06-14 | 5.30 p.m. |

**വായിക്കേണ്ട വചന ഭാഗം : വി.മത്തായി 11:25-30**

**എല്ലാ വിഷയങ്ങൾക്കും A+ നേടി മികവു തെളിയിച്ച ഭാവിയുടെ വാഗ്ദാനങ്ങളായ ഈ പ്രതിഭകൾക്ക് മാപ്രാണം ഇടവക കുടുംബത്തിന്റെ ആശംസകൾ...**

### Plus 2 Full A+



ആന്റണി സണ്ണി
അരണാട്ടുകരക്കാരൻ വീട്
സെന്റ് ജോൺ 2



ജാസ്മിൻ ജോസഫ്
മാറോക്കി വീട്
ഇൻഫന്റ് ജീസസ്

### SSLC Full A+



നവ്യ കെ. ജിജിമോൻ
കുവ്വാപറമ്പിൽ വീട്
സെന്റ് ജോസഫ്

**ബാലപംക്തി**



# കൊച്ചുടോട്ടോയുടെ കൊച്ചു വിശേഷങ്ങൾ


ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ

അവധിക്കാലത്തോട് വിടപറഞ്ഞ് പഠനത്തിന്റെ നാളുകളിലേക്ക് വീണ്ടും തിരിച്ച് കയറാൻ ഒരുങ്ങുകയാണല്ലോ കൂട്ടുകാർ. ടോട്ടോ-ചാൻ എന്ന കുസൃതിക്കുട്ടിയെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? ടോട്ടോ എന്ന വിളിപേരുള്ള തെത്സുകോ കുറോയാനഗി എഴുതിയ വിശ്വവിഖ്യാതമായ ടോട്ടോ ചാൻ എന്ന പുസ്തകത്തിലെ പ്രധാന കഥാപാത്രമാണ് ടോട്ടോചാൻ. ഒന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ തന്നെ സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ട വികൃതി പെൺകുട്ടിയാണ് ടോട്ടോചാൻ. തുറക്കാനും അടക്കാനും കഴിയുന്ന മേശയാണ് അവളുടെ സ്കൂളിലേത്. ഇതിനുള്ളിലാണ് പുസ്തകങ്ങളും മറ്റും സൂക്ഷിക്കുന്നത്. കൊച്ചു ടോട്ടോ ഈ മേശ തുറന്നടച്ച് ശബ്ദമുണ്ടാക്കി കൊണ്ടേയിരിക്കും. ടീച്ചർക്ക് ക്ലാസ്സെടുക്കാൻ കഴിയില്ല. പിന്നെ, ജനലിനരികെ നിന്ന് റോഡിലൂടെ പോകുന്നവരോട് വർത്തമാനം പറഞ്ഞ് കളിച്ച് ചിരിച്ച് ഇരിക്കും. അതിലെ വരുന്ന ബാൻഡ് മേളക്കാരെ കൈകൊട്ടി വിളിച്ച് വരുത്തി ബാൻഡ് കൊട്ടിക്കും. ഒന്നല്ലെങ്കിൽ മറ്റൊന്നായി ക്ലാസ്സിൽ ബഹളം ഉണ്ടാക്കികൊണ്ടിരിക്കും. അങ്ങനെ കൊച്ചു ടോട്ടോയെ സ്കൂളിൽ നിന്ന് പുറത്താക്കി.

ടോട്ടോയുടെ അമ്മ അവളെക്കൂട്ടി മറ്റൊരു സ്കൂളിലേക്ക് യാത്രയായി. ആ വിദ്യാലയത്തിന്റെ പേരാണ് റ്റോമോ. ഒരു തീവണ്ടി പള്ളിക്കൂടം. പഴയ തീവണ്ടി ബോഗികൾ ചേർത്ത് വച്ച് മനോഹരമായി നിർമ്മിച്ച തീവണ്ടി പള്ളിക്കൂടം. ഓരോ വിദ്യാർത്ഥിയും അവർക്കിഷ്ടപ്പെട്ട വിഷയങ്ങൾ അവരുടേതായ ശൈലിയിൽ പഠിക്കുന്നു. ആരിലും നിയന്ത്രണങ്ങളില്ലാതെ അധ്യാപകർ അവരെ പഠിപ്പിക്കുന്നു. 'സൊസാകു കൊബായാഷി' യാണ് റ്റോമോയിലെ ഹെഡ്മാസ്റ്റർ. കുട്ടികളെ ഒത്തിരി ഇഷ്ടമുള്ള മാസ്റ്റർ. ആദ്യമായി റ്റോമോയിലെത്തിയ ടോട്ടോയെ അകത്തേക്ക് കൊണ്ടുപോയി അവളോട് വിശേഷങ്ങൾ പറയാൻ ആവശ്യപ്പെട്ടു. കൊച്ചുടോട്ടോ വാതോരാതെ തന്റെ വിശേഷങ്ങൾ മാസ്റ്ററോട് പറയുകയാണ്. പഴയ സ്കൂളിലെ കാര്യങ്ങളും കേട്ടതും കണ്ടതുമായ എല്ലാം. മണിക്കൂറുകളോളം അവൾ സംസാരിച്ചു. മാസ്റ്റർക്ക് ടോട്ടോയേയും കൊച്ചുടോട്ടോക്ക് മാസ്റ്ററേയും ഒരുപാട് ഇഷ്ടമായി.

മാതാപിതാക്കളെ, നിങ്ങളുടെ തിരക്കുള്ള ജീവിതത്തിനിടയിൽ മക്കൾക്കായി അല്പം സമയം മാറ്റി വെച്ചാൽ അതവരുടെ കരുത്തുറ്റ ജീവിതത്തിന് കാരണമാകും. കുട്ടികളുടെ രസകരമായ കൊച്ചു വിശേഷം പറച്ചിലുകളും വർത്തമാനങ്ങളും. അത്തരത്തിലുള്ള തുറന്ന സംസാരം അവരെ ഉജ്ജ്വല വിജയത്തിലേക്ക് നയിക്കും തീർച്ച. (തുടർച്ച പേജ് 39ൽ)

# മനുഷ്യായുസ്സിന്റെ കഥ



ഫ്രാൻസിസ് അറങ്ങാശ്ശേരി

പണ്ടൊരു കാലത്ത് വനത്തിൽ നടന്ന കഥയാണ്. മനുഷ്യായുസിന്റെ രസകരമായ കഥ! വനത്തിൽ ആശ്രമത്തിലെ മുനികുമാരൻ മനുഷ്യരുടേയും മൃഗങ്ങളുടേയും യോഗം വിളിച്ചുകൂട്ടി, ആയുസ്സിന്റെ കാര്യത്തിൽ തീരുമാനമുണ്ടാക്കാൻ നിശ്ചയിച്ചു. പക്ഷെ, യോഗത്തിൽ പങ്കെടുത്തത് ഒരു മനുഷ്യനും കാളയും പട്ടിയും കൂമനും മാത്രം. ആദ്യത്തെ ചർച്ചയിൽ എല്ലാവരും പൊതുവിൽ ആയുസ്സ് 40 കൊല്ലമായി നിശ്ചയിച്ചു. എല്ലാവരോടും അഭിപ്രായം ചോദിച്ചു. മനുഷ്യന് 40 കൊല്ലം കുറവായിട്ടാണ് തോന്നിയത്. കാളയും പട്ടിയും കൂമനും തങ്ങൾക്ക് 20 വർഷം ആയുസ്സ് മതിയെന്ന് അറിയിച്ചു. കൂടുതൽ വന്ന 60 കൊല്ലം, ആയുസ്സു കുറവായി തോന്നിയ മനുഷ്യനു നൽകി. അവന്റെ സന്തോഷം പറയാനില്ലായിരുന്നു. മൊത്തം ആയുസ്സ് 100 കൊല്ലം. ഹായ്!... സ്വഭാവികമായുള്ള ആദ്യത്തെ 40 കൊല്ലം കഴിഞ്ഞുള്ള കാലഘട്ടം വിവരിക്കുകയാണ് ഇനി -

ആദ്യത്തെ 40 വർഷം അടിച്ചു പൊളിച്ച് ഉഷാറായി തീർക്കുന്ന മനുഷ്യൻ(യൗവനകാലം) പിന്നീടുള്ള 20 വർഷം (കാളയുടെ ദാനം) വലിച്ചും ചുമന്നും തള്ളിയുമൊക്കെ കഷ്ടപാടുകളുടെ നടുവിൽ ജീവിതവുമായി മല്ലിടുന്നു. പിന്നീടുള്ള 20 വർഷം (പട്ടിയുടെ ദാനം) കടുത്ത നിയന്ത്രണത്തിലാവും. കൂട്ടിലടച്ചപോലെ - ഭക്ഷണ - വസ്ത്രങ്ങളുടെ കാര്യവും അതുപോലെത്തന്നെ. പൂമുഖ കസേരയിലോ ചവിട്ടുപടിയിലോ കഴിച്ചുകൂട്ടുന്നു. വീട്ടുകാവലിനെന്ന പോലെ. ഇനിയുള്ള 20 കൊല്ലം കൂമൻ നൽകിയതല്ലേ? മനുഷ്യൻ ഇപ്പോൾ 100 ന്റെ നിറവിൽ കാഴ്ചയും കേൾവിയും നഷ്ടപ്പെട്ട് ചിലപ്പോഴൊക്കെ ചലനശക്തിയും സംസാരശക്തിയും നശിച്ച് അങ്ങനെ അങ്ങനെ ഉറ്റവരും ഉടയവരും കൈവെടിയാവുന്ന അവസ്ഥ! ഭൂമിയ്ക്കുപോലും ഭാരമായി പോവുന്നോ എന്നു തോന്നുന്ന അവസ്ഥ! അല്ലേ?

നോക്കണേ, പ്രായം കൂടി പോയാലുള്ള മനുഷ്യന്റെ (എല്ലാവരുടേയും അല്ല കേട്ടോ!) അവസ്ഥ. എന്നാലും ഗതികേട് എന്ന് പറയാമോ?

---

ബാലപംക്തി തുർച്ച

മാസ്റ്റർ റ്റോമോ വിദ്യാർത്ഥികളോട് പറയും, 'നിങ്ങളെല്ലാം ഒന്നാണ്. ചെയ്യുന്ന ജോലി എന്തുതന്നെയായിക്കൊള്ളട്ടെ., എല്ലാവരും ഈ ലോകത്തിൽ ഒന്നിച്ചാണ്'. നന്നായി പഠിച്ചുയരണമെന്ന് എല്ലാ കൂട്ടുകാർക്കും ആഗ്രഹമുണ്ട്. അതിനുവേണ്ടി കഠിനമായി പരിശ്രമിക്കണം. തെളിമയാർന്ന ചിന്തകളോടെ തളരാത്ത മനസ്സോടെ ദൈവാശ്രയ ബോധത്തോടെ വിജയകരമായ പഠനം കാഴ്ചവെയ്ക്കാൻ നിങ്ങൾക്ക് കഴിയട്ടെ എന്നാശംസിക്കുന്നു.

# ക്വിസ് മത്സരം

(1) പോൾ 6-ാമൻ മാർപാപ്പയും പാത്രിയർക്കിസ് അത്തനാഗോറസും തമ്മിൽ കൂടിക്കാഴ്ച നടത്തിയ വർഷം?

(2) ഒല്ലൂരിൽ പ്രവർത്തിക്കുന്ന കാന്ത ചികിത്സാ കോളേജിന്റെ സ്ഥാപകൻ?

(3) കെൽസ എന്ന വാക്കിന്റെ പൂർണ്ണരൂപം?

(4) സി.എം.ഐ. പ്രിയോർ ജനറൽ പദവി വഹിക്കുന്ന വൈദികൻ?

(5) 2004 ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയ വ്യക്തി?

(6) സ്മൈൽ വില്ലേജിന്റെ ശിൽപ്പിയും നടത്തിപ്പുകാരനുമായ വൈദികൻ?

(7) 1950 ജൂൺ 20ന് ഡോക്ടറായി പ്രാക്ടീസ് ആരംഭിച്ച ഒരു വ്യക്തി പിന്നീട് വിശുദ്ധരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പെട്ടിട്ടുണ്ട്. ആരാണത്?

(8) സിസ്റ്റർ സാമീപ്യയുടെ ജീവിതപാഠം?

(9) പായ്കപ്പലിൽ ഏകനായി ലോകം ചുറ്റി കീർത്തിചക്ര പുരസ്കാരം നേടിയ മലയാളി?

(10) ശാലോം ടിവിയിൽ 'ജ്ഞാനവചസ്സുകൾ' എന്ന പ്രഭാഷണ പരമ്പര അവതരിപ്പിക്കുന്നത് ആരാണ്?

(11) തന്നെത്തന്നെ പ്രശംസിക്കുന്നവല്ല, ---- പ്രശംസിക്കുന്നവനാണു സ്വീകാര്യൻ

(12) ദൈവഹിത പ്രകാരമുള്ള ദുഃഖം ---- പശ്ചാത്താപം ജനിപ്പിക്കുന്നു

(13) മോശയുടെ ഗ്രന്ഥം വായിക്കുമ്പോഴെല്ലാം ഇസ്രായേൽക്കാരുടെയിടയിൽ ഒരു മൂടുപടം കിടക്കുന്നുണ്ട്. എന്തുകൊണ്ട്?

---


അവലംബം : മെയ് ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ്ശ്ലീഹ കൊറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനം : ഉത്തരങ്ങൾ വെള്ളകടലാസിലെഴുതി ഹോളിവോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-06-2014.

---

# വിവാഹം

| ഇടവക | വീട്ടുപേര് | മാതാപിതാക്കൾ | വരനും വധുവും | തീയതി |
|---|---|---|---|---|
| മാപ്രാണം<br>കുരിയച്ചിറ | പാറയ്ക്കൽ<br>കൊമ്പൻ | ബേബി +ഫിലോമിന<br>ജോയ്+റീന | ഫെബിൻ (യോഹന്നാൻ)<br>ഫ്രാൻസി (റോസ) | 27 - 04 - 2014 |
| മാപ്രാണം<br>ആനന്ദപുരം | ചെങ്ങാലൂക്കാരൻ<br>കാളൻ | ജോസ്+മേരി<br>ജോസഫ്+ജാൻസി | ജെറി<br>സ്റ്റെഫി | 30 - 04 - 2014 |
| മാപ്രാണം<br>പുത്തൻചിറ | കോമ്പാറക്കാരൻ<br>മാളിയേക്കൽ കുന്നൻ | വർഗ്ഗീസ്+ഗ്രേയ്സി<br>ജോർജ്+റീന | ജെന്റോ<br>റീമ | 04 - 05 - 2014 |
| രാജകുമാരി<br>മാപ്രാണം | ആലാനിക്കൽ<br>കൊടിപറമ്പിൽ | ജോൺ+മേരിക്കുട്ടി<br>സെൽവരാജ്+ബീന | റെക്സ്<br>ജൂബി | 05 - 05 - 2014 |
| മാപ്രാണം<br>പുത്തൻപീടിക | പുത്തൂർ ഐനിക്കൽ<br>അരിമ്പൂര് മൂക്കൻ | ഗൗരി+ഗ്രേയ്സി<br>പോൾ+ജെസ്സി | ജോയ്<br>ഷൈബി | 11 - 05 - 2014 |

# കളർ കൊടുക്കൂ... സമ്മാനം നേടൂ!



പേര് ..........................................................................................

വീട്ടുപേര് ..........................................................................................

മതബോധന ക്ലാസ്സ് ..............................യൂണിറ്റ്..............................

---

മതബോധനം LP - UP തലത്തിലെ വിദ്യാർത്ഥികൾക്കുള്ള മത്സരം. ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തീയതി ജൂൺ 15

# പിന്നിട്ട ലോകം



ജെസ്റ്റോ മാമ്പിള്ളി

- കത്തോലിക്കാ സഭയെ ആധുനിക ചിന്തകളിലേക്കു നയിച്ച മാർപാപ്പമാരായ ജോൺ പോൾ 2-ാമനും ജോൺ 23-ാമനും ഇനി വിശുദ്ധർ.
- ഇന്ത്യ പോളിയോ വിമുക്തരാജ്യം: ലോകാരോഗ്യസംഘടന.
- പി.ജെ. ആന്റണി സ്മാരക അഭിനയ പ്രതിഭാപുരസ്കാരം കെ.പി. എ.സി. ലളിതയ്ക്ക്.
- അൾജീരിയൻ പ്രസിഡന്റായി അബ്ദൽ അസീസ് ബൗട്ടെഫ്ളിക്ക നാലാംവട്ടവും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.
- തിയോസഫിക്കൽ സൊസൈറ്റിയുടെ രാജ്യാന്തര പ്രസിഡന്റായി ടീം ബോയ്ഡിനെ തിരഞ്ഞെടുത്തു.
- നോർവേയിലെ ഇന്ത്യൻ അംബാസഡറായി വ്യോമസേന മുൻ മേധാവി എ.കെ. ബ്രൗൺ നിയമിതനായി.
- ദേശീയ സ്കൂൾ ഫുട്ബോൾ ടൂർണ്ണമെന്റിൽ കേരള ടീം ജേതാക്കൾ.
- മിലിട്ടറി ഹെഡ് ക്വാർട്ടേഴ്സ് ഡയറക്ടർ ജനറൽ ചാക്കോ തരകൻ, അതിവിശിഷ്ട സേവാ മെഡൽ രാഷ്ട്രപതിയിൽ നിന്നും ഏറ്റുവാങ്ങി.
- ഇ.വി. കൃഷ്ണപ്പിള്ള കലാർത്തന പുരസ്കാരം സൂര്യ കൃഷ്ണമൂർത്തിയ്ക്ക്.
- വർഷത്തെ അഞ്ചു ക്രിക്കറ്റർമാരുടെ വിസ്ഡൻ പട്ടികയിൽ ഇന്ത്യയുടെ ശിഖർ ധവാനും.
- ക്വാലലംപൂരിൽ നടന്ന മലേഷ്യൻ ഓപ്പൺ രാജ്യാന്തര ഐസ്സ്കേറ്റിങ്ങ് ചാമ്പ്യൻ ഷിപ്പിൽ മലയാളിയായ അഭിജിത് അമൽരാജ് സ്വർണ്ണ മെഡൽ നേടി.
- രോഗനിർണ്ണയത്തിനും ജലപരിശോധനയ്ക്കും സഹായിക്കുന്ന ചെലവു കുറഞ്ഞ രസതന്ത്ര ഉപകരണം വികസിപ്പിച്ച ഇന്ത്യൻ വംശജനായ ശാസ്ത്രജ്ഞർ മനു പ്രകാശിന് യു.എസിൽ അംഗീകാരം.
- സോഫ്റ്റ്വെയർ വ്യവസായങ്ങളുടെ സംഘടനയായ നാസ്കോമിന്റെ ചെയർമാനായി കോഗ്നിസെന്റ് ഇന്ത്യ എക്സിക്യൂട്ടിവ് വൈസ് ചെയർമാൻ ആർ. ചന്ദ്രശേഖരനെ തിരഞ്ഞെടുത്തു.
- ലോകത്തിലെ ഉയരമുള്ള കെട്ടിടം എന്ന ലക്ഷ്യത്തോടെ സൗദി അറേബ്യയിലെ ജിദ്ദയിൽ കിങ്ഡം ടവർ നിർമ്മാണം തുടങ്ങി. ഒരു കിലോമീറ്ററിലേറെയായിരിക്കും ഇതിന്റെ ഉയരം.
- സംസ്കൃത-വേദ-അക്ഷരശ്ലോക പണ്ഡിതനായിരുന്ന സി.എം. വിഷ്ണു നമ്പൂതിരി സ്മാരക എൻഡോവ്മെന്റ് പുരസ്കാരം തൃശൂർപെരുവനം സ്വദേശി കെ.പി.സി. നാരായണൻ ഭട്ടതിരിപ്പാടിന്.


FIRST HOLY COMMUNION
1ST MAY 2014
HOLY CROSS SHRINE CHURCH
MAPRANAM

# ബൈബിള്‍ കലണ്ടര്‍ : ജൂണ്‍ - 2014

| ഞായര്‍ | തിങ്കള്‍ | ചൊവ്വ | ബുധന്‍ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>മര്‍ക്കോ 16:14 – 20<br>ഫിലി 2:1 – 11<br>ഏശ 6:1 – 13 | **2**<br>യോഹ 4:3 – 15<br>2 തെസ 2:13 – 17 | **3**<br>ലൂക്കാ 12:13 – 21<br>1 കോറി 8:8 – 13 | **4**<br>യോഹ 17:1 – 5<br>1 യോഹ 4:12 – 21 | **5**<br>ലൂക്ക 14:25 – 35<br>1 യോഹ 1:1 – 3 | **6**<br>മത്താ 24:7 – 14<br>1 യോഹ 2:22 – 25 | **7**<br>മത്താ 25:31 – 40<br>ഗലാ 2:19 – 21 |
| **8**<br>യോഹ 16:5 – 15<br>1 കോറി 12:1 – 11<br>പുറ 19:1 – 9 | **9**<br>മത്താ 5:13 – 20<br>റോമാ 5:1 – 5 | **10**<br>മത്താ 20:29 – 34<br>2 തെസ 1:3 – 12 | **11**<br>മത്താ 10:16 – 22<br>ഗലാ 2:1 – 10 | **12**<br>യോഹ 2:13 – 25<br>ഹെബ്രാ 8:7 – 13 | **13**<br>ലൂക്കാ 7:11 – 23<br>1 കോറി 12:31 – 13:13 | **14**<br>യോഹ 6:25 – 29<br>1 കോറി 12:12 – 20 |
| **15**<br>ലൂക്കാ 7:36 – 50<br>1 കോറി 6:1 – 11<br>ജോയേ 2:18 – 26 | **16**<br>യോഹ 11:17 – 27<br>ഫിലി 3:16 – 21 | **17**<br>യോഹ 6:64 – 71<br>1 കോറി 9:1 – 12 | **18**<br>യോഹ 6:37 – 44<br>1 കോറി 6:12 – 20 | **19**<br>യോഹ 6:51 – 59<br>1 കോറി 11:23 – 30 | **20**<br>യോഹ 6:45 – 50<br>1 കോറി 3:18 – 23 | **21**<br>യോഹ 6:1 – 15<br>1 കോറി 10:14 – 22 |
| **22**<br>ലൂക്കാ 10:25 – 37<br>1 കോറി 7:1 – 7<br>നിയ 1:5 – 8 | **23**<br>യോഹ 6:30 – 36<br>1 കോറി 12:18 – 27 | **24**<br>മത്താ 18:6 – 9<br>1 കോറി 4:15 – 21 | **25**<br>യോഹ 4:39 – 42<br>ഫിലി 2:12 – 16 | **26**<br>ലൂക്കാ 8:4 – 15<br>1 കോറി 3:1 – 9 | **27**<br>യോഹ 19:30 – 37<br>റോമ 10:1 – 10 | **28**<br>ലൂക്കാ 2:41 – 51<br>എഫേ 1:3 – 8 |
| **29**<br>ലൂക്കാ 6:27 – 36<br>1 കോറി 9:19 – 27<br>നിയ 1:16 – 18 | **30**<br>മര്‍ക്കോ 5:25 – 34<br>2 കോറി 1:3 – 7 | | | | | |